# DIOCESAN BULLETIN

A PUBLICATION OFTHE KANDANAD EAST DIOCESE OF THE MALANKARA ORTHODOX SYRIAN CHURCH

**Vol. 22 No. 5, 2011 May 15**


എഡിറ്റോറിയൽ

# മന:സാക്ഷിയോടു വിശ്വസ്തത പുലർത്തുക

യേശുക്രിസ്തുവിന്റെ രക്ഷാകരമായ പീഡാനുഭവങ്ങളെ സ്മരിക്കുന്ന വിശുദ്ധവാരം കടന്നുപോയിട്ട് അധിക ദിവസങ്ങൾ ആയിട്ടില്ലല്ലോ. ആ നാളുകളിൽ ആരാധനയ്ക്കും ധ്യാനത്തിനും ഉപയോഗിച്ച വേദഭാഗങ്ങൾ ഇന്നും നമ്മുടെ മന ുകളിൽ തങ്ങിനിൽക്കുന്നുാകും. ദുഷ്ടജനം യേശുവിനെ ബന്ധനസ്ഥനാ ക്കി മരണശിക്ഷ വിധിച്ചു കിട്ടുന്നതിനായി നാടുവാഴിയായ പീലാത്തോസിന്റെ മുമ്പിൽ കൊവന്നു. "ഞാൻ യഹൂദന്മാരുടെ രാജാവാണ്" എന്ന് ഇവൻ പറ ഞ്ഞു എന്നതായിരുന്നു യേശുവിനെതിരെയുള്ള അവരുടെ ആരോപണം. നാടുവാഴിയായ പീലാത്തോസിന്റെ മേലധികാരിയാണെന്ന് അവകാശപ്പെട്ടു എന്നു പറഞ്ഞാൽ യേശുവിന്റെ നേരെയുള്ള അദ്ദേഹത്തിന്റെ ക്രോധം ജ്വലിച്ച് ഉടൻതന്നെ മരണശിക്ഷ വിധിക്കുമെന്ന ദുഷ്ടചിന്തയായിരുന്നു അവർക്കുായിരുന്നത്. പീലാത്തോസ് യേശുവിനോട് "നീ യഹൂദന്മാരുടെ രാജാവാണോ?" എന്നു ചോദിച്ചു. "നീ തന്നെ പറഞ്ഞുവല്ലോ" എന്നായിരുന്നു യേശുവിന്റെ മറുപടി. പീലാത്തോസ് അങ്ങനെ ആരോടും പറഞ്ഞിട്ടുള്ളതായി നാം ഒരിടത്തും വായിക്കുന്നില്ല. പിന്നെ യേശു അപ്രകാരം പറയാൻ കാരണമെന്താണ്?

"ഞാൻ യഹൂദന്മാരുടെ രാജാവാണ് എന്ന വസ്തുത നിന്നോട് നിന്റെ മന ുതന്നെ പറയുന്നുല്ലോ. പിന്നെ എന്തിനാണ് എന്നോട് അത് ചോദിക്കുന്നത്?" എന്നാണ് യേശു ഈ മറുപടിയിലൂടെ പീലാത്തോസിനെ ഓർമ്മപ്പെടുത്തിയത്. അതായത് പീലാത്തോസി ന്റെ മന: ാക്ഷി ഈ വസ്തുത വെളിപ്പെടുത്തുന്ന സ്ഥിതിക്ക് ഈ ചോദ്യം ആവശ്യമുള്ളതല്ലെന്ന് യേശു അദ്ദേഹത്തിന് മന ിലാക്കിക്കൊടുക്കുകയായിരുന്നു. ഒപ്പംതന്നെ താൻ സർവ്വതും അറിയുന്നവനാണെന്ന സത്യവും സ്പഷ്ടമാക്കുന്നു.

ഈ സൗമ്യമായ മറുപടിയിലൂടെ മനുഷ്യൻ തന്റെ അന്തഃകരണത്തോട് വിശ്വസ്തത പുലർത്തണമെന്ന ശക്തമായ നിർദ്ദേശമാണ് യേശു ലോകത്തിന് നൽകുന്നത്. മന:സാക്ഷിയുടെ നിർദ്ദേശം ഏറ്റുപറയാനും അനുസരിക്കുവാനും എല്ലാവരും തയ്യാറാകേതു്. ഇത് ജീവിതശൈലിയാക്കുന്ന ഒരു വ്യക്തിക്കും–ആസ്തികനാവട്ടെ, നാസ്തികനാവട്ടെ– അതിന്റെ പേരിൽ പശ്ചാത്തപിക്കേതായോ, മറ്റുള്ളവരുടെ മുമ്പിൽ തലകുനിക്കേതായോ വരികയില്ല.

ഒരിക്കൽ ശ്രീനാരായണഗുരുവിനോട് ഒരാൾ അദ്ദേഹത്തിന്റെ ജാതി എന്തെന്ന് ചോദിച്ചു. "നിങ്ങൾക്ക് എന്തുതോന്നുന്നോ അതാണെന്റെ ജാതി" എന്നായി രുന്നു ഗുരുവിന്റെ മറുപടി. അയാളുടെ മനഃസാക്ഷിയനുസരിച്ച് തീരുമാനമെടുക്കട്ടെ എന്നതായിരുന്നു ഗുരു സ്വീകരിച്ച നിലപാട്.

എന്താണ് മന:സാക്ഷി? നാം ഏതൊരു ചോദ്യത്തെ അഭിമുഖീകരിക്കുമ്പോഴും മന ാരു മറുപടി മന്ത്രിക്കും. ആ മറുപടിയുടെ ഉറവിടമാണ് മന:സാക്ഷി. ശരിയേത്, തെറ്റേത്, എന്തു ചെയ്യണം, എന്തു ചെയ്യരുത് എന്നു നമുക്കു പറഞ്ഞുതരുന്ന അന്തർധ്വനി (inner voice). അത് സകല മനുഷ്യരിലുമു്. ശക്തിയിലും ആവൃത്തിയിലും വ്യത്യാസമുാകാം. മനുഷ്യന്റെ ഇതരവാസനകളെയും കഴിവുകളെയും പോലെ ഈ ശബ്ദത്തെയും വളർത്താനും തളർത്താനും സാധ്യമാണ്. മന:സാക്ഷിയുടെ നിർദ്ദേശം നാം നിരന്തരം അവഗണിക്കുകയും നിഷേധിക്കുകയും ചെയ്താൽ ആ ശബ്ദം നാൾക്കുനാൾ നേർത്തുനേർത്തു വരുന്നു. ഒടുവിൽ നിലച്ചെന്നും വരാം. മറിച്ച്, നാം ആ ശബ്ദത്തിന് കാതോർക്കുകയും അതിന് അനുസരിക്കുകയും ചെയ്താൽ അത് ക്രമേണ ശക്തി പ്രാപിച്ചുവരും. അതായത് മന:സാക്ഷിയുടെ പോഷണത്തിനും സുസ്ഥിതിക്കും വ്യായാമം ആവശ്യമാണ്. മന:സാക്ഷിയുടെ ആരോഗ്യം വ്യക്തിത്വത്തെ പ്രഫുല്ലമാക്കുന്നു. അത് നമ്മുടെ ചിന്തകളെയും പ്രവർത്തനങ്ങളെയും അന്യൂനവും അവികലവുമാക്കും. ദുഷ്കൃത്യങ്ങൾ എപ്പോഴും നമ്മുടെ മന:സാക്ഷിയെ കളങ്കപ്പെടുത്തുകയും കുത്തിനോവിക്കുകയും ചെയ്യും. മന:സാക്ഷിയുടെ സുസ്ഥിതിയെയാണ് പരിശുദ്ധാത്മ നൽവരമെന്ന് സാധാരണ വ്യവഹരിക്കാറുള്ളത്.

ദൈവം തന്റെ സ്വരൂപത്തിൽ മനുഷ്യനെ സൃഷ്ടിച്ചു. (ഉല്പത്തി 1:27) അങ്ങനെയെങ്കിൽ നാമൊക്കെ

**EDITORIAL BOARD**

President
**H. G. Dr. Thomas Mar Athanasius**
Metropolitan

Chief Editor
**Fr. Abraham Karammel**

Mg.Editor
**Mr. P. J. Varghese**

Associate Editor
**Fr. Kochuparambil Geevarghese Ramban**

Technical Adviser
**Mr. George Paul**

Members
**Fr. Marydas Stephen**
**Fr. Alias Kuttiparichel**
**Fr. Shibu Kurian**
**Prof. Dr. M. P. Mathai**
**Mr. A. G. James**
**Mrs. Jiji Johnson**

www.dioceseofkandanadeast.org

## ഉള്ളടക്കം

പേജ്

എഡിറ്റോറിയൽ
**മന:സാക്ഷിയോട് വിശ്വസ്തത പുലർത്തുക** ......... 1

**ധൂർത്ത്: ഒരു പാപം** .............................. 3
ഡോ. തോമസ് മാർ അത്താനാസ്യോസ്

**സഭാശുശ്രൂഷയിൽ ര് പതിറ്റാുകൾ – 13** ..... 7
ഡോ. തോമസ് മാർ അത്താനാസ്യോസ്

**രോഗത്തെ സ്വീകരിക്കുന്ന വിധം** ................. 9
ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്ത

**പൈത്യം** ....................................... 10
ഫാ. ബോബി ജോസ്, കട്ടിക്കാട്

**സമയം** ........................................ 12
സഖേർ

**കഴിവ് പോലെ അദ്ധ്വാനം:**
**ആവശ്യം പോലെ വേതനം**...................... 14
ഡോ. തോമസ് അത്താനാസ്യോസ്

**ഉയിർപ്പും ഞാനും** ............................. 16
ഡോ. ആനി മേരി പോൾ, പുതുപ്പള്ളി

**ക്രിസ്തീയ സ്നേഹവും തകരുന്ന**
**വ്യക്തി ബന്ധങ്ങളുടെ പുന:സൃഷ്ടിയും** ........ 17
ഏലു ജെയിംസ്, പെരിയാമ്പ്ര

**ഗിലയാദ് വയോഭവനം: അഗതികൾക്കൊരു**
**സങ്കേതം...** 16
ഫാ. സൈമൺ വർഗീസ്

ദൈവത്തിന്റെ മക്കളും കൊച്ചുദൈവങ്ങളുമാണ്. നമ്മിലെ ഈശ്വര സാന്നിധ്യമാണ് മന:സാക്ഷി. അതിനെ നിഷേധിക്കുന്നത് ഈശ്വര നിഷേധമാണ്, സ്വയം നിഷേധമാണ്.

മന:സാക്ഷിയുടെ ശബ്ദം ശ്രദ്ധിക്കുന്ന ഏതൊരുവനും തിന്മ പ്രവർത്തിക്കാനാവുകയില്ല. ഒരു ദുഷ്കാര്യത്തിനും നാം വഴങ്ങിക്കൊടുക്കുകയുമില്ല. അങ്ങനെ സംഭവിക്കുമ്പോഴാണ് നാം ദൈവത്തിന്റെ മക്കളായിത്തീരുന്നത്. നമ്മുടെ സത്പ്രവൃത്തികളിലൂടെ ദൈവം മഹത്വീകരിക്കപ്പെടുന്നത്.

ജീവിതത്തിൽ ചെറുതും വലുതുമായ തീരുമാനങ്ങൾ എടുക്കേിവരുമ്പോൾ സ്വന്തം മന:സാക്ഷിയുമായി ആലോചന ചെയ്യുന്ന ശീലം നാം വളർത്തിയെടുക്കേതു്. കുടുംബവും, സമൂഹവും, മതവും രാഷ്ട്രവുമെല്ലാം അതിന് പ്രേരണയും പ്രചോദനവും നൽകുന്ന ഘടകങ്ങളായി പ്രവർത്തിക്കണം. സഭ ഈ ലക്ഷ്യത്തിനു നേരെ എന്തു ചെയ്യണം, എന്തു ചെയ്യുന്നു എന്ന് കത്തെണം. സൺഡേ സ്കൂളും ഭക്ത-സന്നദ്ധ സംഘടനകളും ഇതൊരു ദൗത്യമായി ഏറ്റെടുത്ത് മന:സാക്ഷിയിൽ അധിഷ്ഠിതമായ ഒരു സാമൂഹ സൃഷ്ടിക്കു ശ്രമിക്കേതാണ്. അന്തഃകരണത്തിന്റെ അന്ത ു കാക്കുന്ന സമൂഹത്തിൽ അക്രമവും അഴിമതിയും അലസതയും ആഡംബരവുമൊന്നും തലപൊക്കുകയില്ല. ചുരുക്കിപ്പറഞ്ഞാൽ സർവ്വ അനീതിയ്ക്കും അക്രമത്തിനും അറുതി വരുത്തുവാനുള്ള ഫലപ്രദമായ മാർഗ്ഗം മന:സാക്ഷിയുടെ-നമ്മിലുള്ള ഈശ്വരാംശത്തിന്റെ

## കശ്ശീശപട്ടം സ്വീകരിച്ചു



ഡീ. എബിൻ എബ്രാഹം 2011 മെയ് 13-ാം തീയതി വെള്ളിയാഴ്ച കനാട് ഈസ്റ്റ് ഭദ്രാസനത്തിന്റെ ഡോ. തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായിൽ നിന്ന് കശ്ശീശാപട്ടം സ്വീകരിച്ചു. മൂവാറ്റുപുഴ സെയ്ന്റ് തോമസ് കത്തീഡ്രലിൽ രാവിലെ 8 മണിക്ക് ആരംഭിച്ച വി. കുർബ്ബാന മദ്ധ്യേയാണ് പട്ടദാന ശുശ്രൂഷ നടന്നത്. മാറാടി സെയ്ന്റ് മേരീസ് ഓർത്തഡോക്സ് പള്ളി ഇടവകയിൽ പെട്ട ചെമ്പകത്തിനാൽ സി.എ. എബ്രാഹാമിന്റെ (റിട്ട. അസി. എഞ്ചിനീയർ) യും ഏലിയാമ്മ എബ്രാഹാമിന്റെയും പുത്രനാണ് നവാഭിഷിക്തനായ ഫാ. എബിൻ എബ്രാഹാം.

എൻജിനിയറിംഗ് ബിരുദധാരിയായ ബ. അച്ചൻ ബാംഗ്ലൂർ യുണൈറ്റഡ് തിയോളജിക്കൽ കോളേജിൽ വേദശാസ്ത്ര പഠനം പൂർത്തിയാക്കി. അവിവാഹിതനായ അദ്ദേഹം ദയറാ സമൂഹത്തിൽ അംഗമാണ്. പിതാവ് സി. എ. എബ്രാഹാം വടകര ഗിലയാദ് മരിയൻ ഓർഫനേജ് & റീട്രീറ്റ് സെന്ററിന്റെ സജീവ പ്രവർത്തകനും ഗവേണിംഗ് ബോഡി അംഗവുമാണ്.

പട്ടംകൊട ശുശ്രൂഷയ്ക്ക് ശേഷം ചേർന്ന അനുമോദന സമ്മേളനത്തിൽ അഭി. തിരുമേനി അദ്ധ്യക്ഷത വഹിച്ചു. വിവിധ ഭക്തസംഘടനാ പ്രതിനിധികളും സഭാനേതാക്കളും നവാഭിഷിക്തന് മംഗളങ്ങൾ നേർന്നു. ബ. അച്ചൻ ആശംസകൾക്ക് നന്ദി പ്രകാശിപ്പിച്ചു.

**മെത്രാപ്പോലീത്തായുടെ കത്ത്**

# ധൂർത്ത്: ഒരു പാപം

ധൂർത്തടിക്കുന്നത് ഉദാരതയുടെ ലക്ഷണമാണെന്നാണ് പലരുടെയും ധാരണ. വിവാഹ–അടിയന്തര ചടങ്ങുകളുടെ ചെലവിൽ മിതത്വം പാലിച്ചാൽ ജനം അത് പിശുക്ക് എന്ന് വിലയിരുത്തി പരിഹസിച്ചെന്നിരി ക്കും. അതുകൊ് ഇന്ന് മരണാനന്തര ശുശ്രൂഷപോലും ആഡംബരമാക്കുന്ന പതിവാണുള്ളത്. വാഹനം വാങ്ങുന്നതിനും വീടിന്റെ നിർമ്മിതിക്കും പണം ചെലവഴിക്കുന്ന കാര്യത്തിൽ പലരും നിയന്ത്രണങ്ങൾ വയ്ക്കാറേയില്ല. ഭക്ഷണം, വസ്ത്രം, ആഭരണം തുടങ്ങിയവയ്ക്ക് ധൂർത്തടിക്കുന്നത് പലർക്കും ഒരു ഹരമാണ്. ഇതൊന്നും ധാർമ്മിക–നൈതീക വിഷയമായി ആരുംതന്നെ കരുതുന്നില്ല. സ്വയം അദ്ധ്വാനിച്ച് സമ്പാദിച്ച സ്വത്ത് ചെലവഴിക്കുന്നതിൽ മതത്തിന്റെയോ ധർമ്മശാസനങ്ങളുടെയോ ഇടപെടൽ ആർക്കുംതന്നെ സ്വീകാര്യമല്ല. സ്വന്തമായി നേടിയ പണം ചെലവഴിക്കുന്നത് സംബന്ധിച്ച തീരുമാനത്തിന്റെ അടിസ്ഥാനം സ്വന്തം ഇഷ്ടമാണത്രേ!

ധൂർത്ത് ആധുനിക കാലഘട്ടത്തിന്റെ മാത്രം ഒരു പ്രതിഭാസമല്ല. പും ധനികരും, നാടുവാഴികളും, രാജാക്കന്മാരുമെല്ലാം ധൂർത്തടിച്ചിരുന്നു. എട്ടാം നൂറ്റിലെ പഴയനിയമ പ്രവാചകന്മാർ ഈ പ്രവണതയെ വിമർശിച്ചിരുന്നത് നാം വായിക്കുന്നു (ആമോസ്. 6:4). ഇതിനു മുമ്പും പിമ്പുമെല്ലാം വ്യാപകമായി ധൂർത്തുായിരുന്നു. എന്നാൽ ധൂർത്തിനുള്ള മേഖലകൾ അന്ന് പരിമിതമായിരുന്നു എന്നുമാത്രം. യേശുവിന്റെ ഉപമയിലെ (ധനവാനും ലാസറും) ധനികൻ ഒറ്റപ്പെട്ട വ്യക്തിയല്ല. അയാൾ ധൂർത്തടിക്കുന്ന വർഗ്ഗത്തിന്റെ പ്രതീ കമാണ്.

ആദിമ ക്രൈസ്തവസഭ സ്വത്തി ന്റെ കൂട്ടിവയ്ക്കലും അമിതോപഭോഗവും പാപമായി പരിഗണിച്ചിരുന്നു എന്നാണ് സൂചന. അതുകൊ് സ്വത്തിന്റെ ആർജ്ജനവും ഉപഭോഗവും നീതിപൂർവ്വമാക്കാൻ സഭ നിഷ്കർഷിച്ചിരുന്നു. യറുസലേമിലെ ആദ്യ ക്രൈസ്തവ സമൂഹം സ്വകാര്യ സ്വത്തിന് അനുവാദം നൽകാതെ അത് സമൂഹത്തിന്റെ പൊതു ആവശ്യത്തിനായി മാറ്റിവയ്ക്കാൻ പ്രേരണ നൽകിയിരുന്നു. ഓരോരുത്തരും ഉ ള്ളത് നൽകുകയും ആവശ്യമുള്ളത് ഓരോരുത്തർക്കും ലഭ്യമാക്കുകയും ചെയ്തിരുന്നു എന്നാണ് അപ്പോസ്തോല പ്രവൃത്തികളിൽ നാം വായിക്കുന്നത്. എന്നാൽ പിന്നീട് സമ്പത്തി ന്റെ അനിയന്ത്രിതമായ സമാഹരണവും അതിന്റെ ധൂർത്തുമെല്ലാം സഭയെയും സഭാജീവിതത്തെയും ജീർണ്ണതയിലേയ്ക്കും ആഭ്യന്തര പ്രതിസന്ധിയിലേയ്ക്കും നയിച്ചു എന്നത് ചരിത്രസാക്ഷ്യമാണ്.

എന്നാൽ ഇന്ന് ധനം കൈവശം വച്ചിരിക്കുന്നവരുടെ എണ്ണവും സമ്പത്തിന്റെ ധൂർത്തടിക്കുവാനുള്ള മേഖലകളുമെല്ലാം വർദ്ധിച്ചിട്ട്. യാത്രയ്ക്കുള്ള വാഹനങ്ങൾ, വൈവിധ്യമാർന്ന ഇലക്ട്രോണിക് ഉല്പന്നങ്ങൾ, അമൂല്യമായ ആഭരണങ്ങൾ, വിവിധങ്ങളായ വീട്ടുസാമഗ്രികൾ തുടങ്ങിയ കാര്യങ്ങൾക്ക് പണം ചെലവഴിക്കാനുള്ള സാധ്യതകൾ അനന്തമാണ്. പണത്തിന്റെ ഈ പാഴ്ച്ചെലവ് ആരുടെയെങ്കിലും മന: ാക്ഷിയെ അലോസരപ്പെടുത്തുന്നതായി അറിയില്ല. ധൂർത്തിലൂടെ ജീവിതം 'അടിപൊളി'യാക്കാൻ സാധിക്കുന്നതിൽ സമൂഹം അർത്ഥം കത്തുമ്പോൾ വീുവിചാരമുള്ളവർക്ക് അന്ധാളിച്ചു നിൽക്കുവാൻ മാത്രമേ സാധിക്കൂ.

ധൂർത്ത് എന്ന പ്രതിഭാസം സംബന്ധിച്ചുള്ള ധാരണപോലും തിരുത്തോയിട്ടു് എന്നാണ് തോ ന്നുന്നത്. ധൂർത്ത് പിശുക്കിന്റെ വിപരീത പദമായിട്ടാണ് പലരും മന ിലാക്കുന്നത്. ലഭ്യമാകുന്ന പണം കുടുംബത്തിന്റെയോ കുടുംബാംഗങ്ങളുടെയോ സമൂഹത്തിൽ ബുദ്ധിമുട്ട് അനുഭവിക്കുന്നവരുടെയോ ആവശ്യങ്ങൾക്കുപോലും ചെലവിടാൻ തയ്യാറാകാത്തവരെ പിശുക്കരെന്ന് വിളിക്കാം. ഇത്തരക്കാർ പണം ആർജ്ജിക്കുന്നതിൽ തന്നെ ഹരം കത്തുന്നവരും അത്യാവശ്യങ്ങൾക്കുപോലും ചെലവാക്കാൻ മടികാണിക്കുന്നവരുമാണ്. ഇത് പിശകായൊരു സമീപനമാണ്. അതുകൊ് കൈവശമുള്ള ധനം മുഴുവനും നിയന്ത്രണമില്ലാതെ ചെലവഴിക്കുന്നത് പുണ്യമോ സത്പ്രവൃത്തിയോ ആയി വിലയിരുത്താനാവില്ല. പിശുക്കർ ധനസമാഹരണത്തിൽ ആസക്തരായി അത്യാവശ്യങ്ങൾക്കുപോലും പണം മുടക്കാതിരിക്കുമ്പോൾ ധൂർത്തർ ലഭ്യമായ ധനമെല്ലാം അനിയന്ത്രിതമായി ചെലവഴിക്കുന്നു. അങ്ങനെ സമ്പത്ത് നീതിപൂർവ്വം വിനിയോഗിക്കാൻ സാധിക്കാതെ വരുന്നു. അതുകൊ് ധൂർ ത്ത് സാമൂഹിക വിരുദ്ധ നിലപാടാണ്. പിശുക്കിന്റെ വിപരീത ആശയം ധൂർത്തടിയല്ല; നീതിപൂർവ്വമായി വന്നുചേർന്ന പണം സമൂഹത്തിന്റെ ആവശ്യങ്ങൾ പരിഗണിച്ച് ന്യായവും മിത വും ആയ തരത്തിൽ വിവേകപൂർവ്വം ചെലവഴിക്കുന്നതാണ്. ധൂർത്തടിക്കുന്നത് ന്യായം വിട്ടുള്ള വ്യയം ചെ യ്യലാണ്. മിതത്വം, ലാളിത്യം, സാമൂഹ്യാവശ്യങ്ങൾ എന്നിവ അവഗണിക്കപ്പെടുന്നു. ഇവിടെ ചെലവിടുന്നത്, അത് നിർവ്വഹിക്കുന്ന വ്യക്തിയുടെയോ അയാൾ ഭാഗമായ സമൂഹത്തിന്റെയോ ന്യായമായ ആവശ്യങ്ങൾ പരിഗണിച്ചല്ല, നേരെമറിച്ച് തന്റെ മഹത്വം മറ്റുള്ളവരെ ബോധ്യപ്പെടുത്താനാണ്.

മിതത്വം, ലാളിത്യം എന്നീ പദങ്ങൾക്കെല്ലാം ഒരു ആപേക്ഷികത്വം ു് എന്നു മറക്കുന്നില്ല. അംഗസംഖ്യ കൂടുതലുള്ള ഒരു കുടുംബത്തിന്

മൂവായിരം ചതുരശ്രഅടിയുടെ ഒരു വീടിന്റെ നിർമ്മാണം ധൂർത്തായി കണക്കാക്കാനാവില്ല. അവിടെ താമസിക്കുന്ന അംഗങ്ങൾക്ക് ആവശ്യമായ ജീവനസ്ഥല വ്യാപ്തി ലഭിക്കേണ്ടു. എന്നാൽ ഒന്നോ രണ്ടോ വ്യക്തികൾക്കുവേണ്ടി മാത്രം ആ സ്ഥലം ഉപയോഗിക്കേണ്ടി വരുമ്പോൾ അത് ധൂർത്തായി മാറുന്നു. അതുപോലെ തന്നെ വീടിന്റെ അലങ്കാരത്തിനായി ക്രമം വിട്ട് ചെലവിടുന്നതും ഇത്തരത്തിൽ പെടും. വീടുപണിക്കു മാത്രമല്ല, ദേവാലയ സൃഷ്ടിക്കും ഇതു ബാധകമാണ്. യഥാർത്ഥത്തിൽ ആവശ്യത്തിന്റെ അടിസ്ഥാനത്തിലുള്ള കർശനമായ വിവേചനശക്തിയാണ് ഇവിടെ പ്രയോഗിക്കേണ്ടത്. യാത്ര യ്ക്ക് സ്വകാര്യ വാഹനങ്ങൾ വാങ്ങുമ്പോൾ അത് ഉപയോഗിക്കുന്നവരു ടെ സൗകര്യത്തേക്കാൾ അത് കാണുന്നവരെ ഭ്രമിപ്പിക്കുവാനാണ് പലരും ശ്രദ്ധിക്കുന്നത്. ഇന്ന് നാലുകോടി വരെ വിലയുള്ള കാറുകൾക്ക് ഇ ന്ത്യൻ മാർക്കറ്റിൽ നീക്കമുണ്ട്. വാഹനങ്ങൾക്കുവേണ്ടി മാത്രമല്ല, ആകർ ഷമായ (catching) നമ്പറുകൾ ലഭിക്കുന്നതിനുവേണ്ടി പോലും ചെലവഴിക്കുന്ന തുക പലപ്പോഴും ലക്ഷത്തിൽ അധികരിക്കുന്നു. അതുകൊണ്ട് ലാളിത്യത്തിന്റെയും മിതത്വത്തിന്റെയും എതിർ ആശയമാണ് ധൂർ ത്തെന്ന് നാം തിരിച്ചറിയേയിരിക്കുന്നു.

ഇവിടെ ആശയത്തിന്റെ വ്യക്തതയ്ക്കുവേണ്ടി എന്താണ് മനുഷ്യന്റെ ആവശ്യങ്ങൾ എന്ന് നിർവ്വചിക്കേണ്ടിവരും. ആവശ്യം എന്നത് മനുഷ്യന്റെ ആഗ്രഹം, അഭിലാഷം, സ്വപ്നം, ആർത്തി തുടങ്ങിയ പദങ്ങളുമായി ബന്ധപ്പെട്ട ഒരു കാര്യമല്ല. വ്യക്തിയുടെയും സമൂഹത്തിന്റെയും ന്യായവും ഭദ്രവുമായ നിലനിൽപിന് അടിസ്ഥാനമായ ഭൗതീക ഘടകങ്ങളുടെ ലഭ്യതയാണ് വിവക്ഷ. ഇത് ഓരോരുത്തർ ക്കും കിട്ടുവാൻ ആവശ്യമായ വിഭവങ്ങൾ ഭൂമിയിൽ ഉണ്ടായിരിക്കണം. ഇത് എല്ലാവരും ഉപയോഗപ്പെടുത്തിയാൽ പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കപ്പെടുകയില്ല എന്ന് ഉറപ്പാക്കുകയും വേണം. എല്ലാവർക്കും ജീവസന്ധാരണത്തിന് അനുപേക്ഷണീയമായി ലഭിക്കേണ്ട ജീവിത സൗ കര്യങ്ങൾ പാരിസ്ഥിതിക സന്തുലത തകർക്കാതെ നീതിപൂർവ്വം ലഭ്യമാകുന്ന ഒരു ക്രമീകരണമാണ് സൃഷ്ടിക്കപ്പെടേണ്ടത്. അതായത്, ന്യായമായി എല്ലാവർക്കും കിട്ടേണ്ട കുറ ഞ്ഞ സൗകര്യം ലഭ്യമാക്കുകയും, എന്നാൽ ഇത് പ്രകൃതിയുടെ നിലനിൽപ്പ് അപകടത്തിലാകാതിരിക്കുകയും വേണം. ഇത്രയും ധനം മാത്രമാണ് ഓരോരുവനും ചെലവഴിക്കാൻ അനുവാദമുള്ളത്. അതിനപ്പുറമുള്ള ചെലവുകൾ ധൂർത്താണ്. സമീകൃതമായ ഭക്ഷണം, വാസയോഗ്യമായ പാർപ്പിടം, ശുചിത്വമുള്ള ജലം, വിദ്യാഭ്യാസ സൗകര്യം, അന്ത ായ വസ്ത്രധാരണം, ചികിത്സാ ലഭ്യത യാത്രാ-വിനോദ സൗകര്യങ്ങൾ ഇവയെല്ലാം ആണ് മനുഷ്യന്റെ അടിസ്ഥാന സൗകര്യങ്ങളായി പരിഗണിക്കാവുന്നത്. എന്നാൽ ഇതിൽ ഓരോന്നിന്റെയും പേരിൽ നിയന്ത്രണമില്ലാതെ പണം ചെലവാക്കാൻ സാധി ക്കും എന്നതും വിസ്മരിക്കുന്നില്ല. ആവശ്യങ്ങൾ തിരിച്ചറിഞ്ഞ് കർശനമായ ആത്മനിയന്ത്രണത്തിന് വിധേയമായി നീതിപൂർവ്വം ചെലവു ചെയ്യുകയാണ് ന്യായവും ശരിയും. ഒരുവൻ ഉപഭോഗിക്കുന്ന രീതിയിൽ ലോകത്തുള്ള എല്ലാവരും ചെലവിടുമ്പോൾ ആവശ്യമായി വരുന്ന വസ്തുക്കളുടെ ലഭ്യതയും, ഓരോരുവനും അതിനു ള്ള ക്രയശേഷിയും ഉണ്ടായിരിക്കുകയും, ഇവയുടെ ഉപഭോഗം വഴി പാരിസ്ഥിതിക സന്തുലത തകരാതിരിക്കുകയുമായിരിക്കണം ചെലവഴിക്കുന്നതിന്റെ മാനദണ്ഡം എന്നു ചുരുക്കം.

അതുകൊണ്ട് കൈവശമുള്ള സമ്പത്തിന്റെ അളവല്ല, ചെലവിടുന്നതിന്റെ അടിസ്ഥാനം. സ്വത്തിന്റെ ഉടമസ്ഥത ധൂർത്തിനെ നീതീകരിക്കുന്നില്ല. ധൂർത്ത് അടിസ്ഥാനപരമായി മനുഷ്യന്റെ ആവശ്യങ്ങൾ പരിഗണിച്ചല്ല നടക്കുന്നത്; നേരെമറിച്ച് സമൂഹത്തിൽ സ്വന്തം ഗുരുത്വവും പ്രാമാണ്യവും അംഗീകരിപ്പിക്കുന്ന ശ്രമത്തിന്റെ ഭാഗമായാണ്. ഇവിടെ മനുഷ്യമനസ്സിനെ നയിക്കുന്നത് ഭോഗതൃഷ്ണയും ആസക്തിയും പെരുപ്പിച്ചവും ആത്മപ്രശംസയ്ക്കുവേണ്ടിയുള്ള അന്വേഷണവുമാണ്. ധൂർത്തിനെ സാധൂകരിക്കാൻ ഉന്നയിക്കുന്ന മനുഷ്യന്റെ ആവശ്യങ്ങൾ കൃത്രിമമാണ്, സത്യസന്ധമല്ല. ഇത്തരം ആവശ്യങ്ങൾ അതിർത്തിയില്ലാത്തതും അതു ശമിപ്പിക്കുവാനുള്ള ശ്രമം അസാധ്യവുമാണ്. ഈ ഭോഗപരതയുടെ അന്ത്യം പ്രകൃതിയെ നശിപ്പിച്ച് ഭൂമിയെ വാസയോഗ്യമല്ലാതാക്കും.

ധൂർത്ത് വ്യക്തിപരമായ കാര്യമല്ല. ഇത് സമൂഹവുമായി ബന്ധപ്പെട്ട പ്രവൃത്തിയാണ്. നാം ജീവിക്കുന്ന സമൂഹത്തിൽ അടിസ്ഥാന ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള ധനം ഇല്ലാതെ കഴിയുന്നവരാണ് ഭൂരിപക്ഷം. അവർക്കു ന്യായമായി കിട്ടേണ്ട സമ്പത്ത് മറ്റുള്ളവർ കൈവശപ്പെടുത്തിയാണ് ധൂർത്ത് നടത്തുന്നത്. അതായത് ധൂർത്തടിക്കുന്ന പണം ദരിദ്രന് അവകാശപ്പെട്ടതാണ്. അതുകൊണ്ട് ധൂർത്തടിക്കൽ ഒരു ധാർമ്മിക-ആത്മീക പ്രശ്നമായി മാറുന്നു. ദാരിദ്ര്യരേഖയ്ക്ക് കീഴെയുള്ള മനുഷ്യർ സാമ്പത്തിക കാര്യത്തിൽ മുട്ടുള്ളവരായി കഴിയുമ്പോൾ അവർക്കു ലഭിക്കേണ്ട സമ്പത്ത് ധൂർത്തടിക്കുകയും അവരുടെ അവസ്ഥയോട് യാതൊരു സംവേദനത്വവും ഇല്ലാതെ കഴിയുകയും ചെയ്യുന്നത് പാപമല്ലാതെ മറ്റെന്താണ്? ഈ ജീവിതരീതിയ്ക്ക് ഒരു നീതീകരണമില്ല. അത് അസാമൂഹികമാണ്, കുറ്റകരമാണ്. ഗാന്ധിജി സാധാരണ ഭക്ഷണം കഴിച്ചിരുന്നതും ലളിതമായ പാർപ്പിട-യാത്രാ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തിയതും വസ്ത്രധാരണത്തിൽ മിതത്വം പാലിച്ചതുമെല്ലാം ധാർമ്മിക ബോധത്തിന്റെ നിർബന്ധത്തിലാണ്. യേശു തന്റെ ശിഷ്യന്മാർക്ക് അവരുടെ ജീവിതത്തിൽ എത്രമാത്രം സൗകര്യങ്ങൾ ആകാമെന്ന് നിർദ്ദേശിക്കുന്നത് ശ്രദ്ധിക്കേണ്ട കാര്യമാണ്. അദ്ദേഹം ക്രൂശിക്കപ്പെട്ടപ്പോൾ ഒരു മേൽ വസ് ത്രവും അടിയുടുപ്പും അല്ലാതെ പങ്കിടുവാനായി പടയാളികൾക്ക് മറ്റൊ ന്നും

അദ്ദേഹത്തിൽ നിന്ന് കിട്ടിയില്ല. ഈ ജീവിതമാതൃകയുടെ സ്വാധീനം നിഷേധിക്കുന്നവർക്കേ ധൂർത്ത് നടത്താനാവൂ. യൂണിസെഫിന്റെ കണക്കിൻപ്രകാരം നാല്പതിനായിരം കുട്ടികളാണ് ദിനംപ്രതി ഭക്ഷണദൗർലഭ്യം കൊു മരിക്കുന്നത്. അതായത്, വർഷംതോറും പട്ടിണികൊ് മരിക്കുന്ന കുട്ടികളുടെ എണ്ണം പതിനേഴ് ദശലക്ഷം അടുത്താണ്. World Institute of Hunger and Develop-ment നടത്തിയ പഠനപ്രകാരം 178 ദശലക്ഷം കുട്ടികൾ പോഷകക്കുറവുകൊ് സ്ഥായിയായ ആരോഗ്യപ്രശ്നങ്ങൾക്ക് ഇരയാകുന്നു. ലോകത്തിലെ 70 ശതമാനം ഉപഭോഗ വ സ്തുക്കൾ ഉപയോഗപ്പെടുത്തുന്നത് 15 ഉം 20 ഉം ശതമാനത്തിനിടയിൽ വരുന്ന ധനിക ന്യൂനപക്ഷമാണ്. അവശേഷിക്കുന്ന 30 ശതമാനം വിഭവങ്ങൾ കൊ് 85 ശതമാനത്തോളം ജനങ്ങൾ തൃപ്തരാകേി വരുന്നു. ദാരിദ്ര്യം ഇത്രമാത്രം രൂക്ഷമായ ഭാവം പ്രകടിപ്പിക്കുമ്പോൾ അതിനുള്ള കാരണക്കാർ തങ്ങളാണെന്ന് വിസ്മരി ച്ചും ഈ അടിസ്ഥാന യാഥാർത്ഥ്യങ്ങളിൽ നിന്ന് മുഖംതിരിച്ചും കഴിയുന്നവരാണ് ധൂർത്ത്കാർ എന്ന് തിരിച്ചറിയേിയിരിക്കുന്നു.

ഇതോടൊപ്പം തന്നെ അനിയന്ത്രിത ഉപഭോഗം പാരിസ്ഥിതിക സ ന്തുലത എങ്ങനെ തകർക്കുന്നു എ ന്നതും മന ിലാക്കേതാണ്. നിയന്ത്രണമില്ലാത്ത ഉപഭോഗം വഴി വർദ്ധമാനമാകുന്ന മാലിന്യത്തിന്റെ അളവ്, ജലം, വായു, കര എന്നിവയുടെ മലിനീകരണം, ആഗോളതാപീകരണം, വനനാശം, മഴക്കുറവ്, ഓസോൺ പാളിയുടെ വിള്ളൽ, രാസമഴ, മരുഭൂമീകരണം, സമുദ്രജലനിരപ്പിന്റെ ഉയർച്ച, ജൈവ വൈവിധ്യത്തിന്റെ തകർ ച്ച, തുടങ്ങിയവയുടെയെല്ലാം അടിസ്ഥാനം അനിയന്ത്രണമായ മനുഷ്യന്റെ ഉപഭോഗതൃഷ്ണ എന്നത് നാം ഓർക്കേത്. അതായത് ധൂർത്ത് വഴി ഭൂമിയുടെ ആവാസവ്യവസ്ഥയും ജൈവചക്രമവും തകരുകയാണ്. സാവകാശം പ്രകൃതി വാസയോഗ്യമല്ലാതെയായിത്തീരുന്നു എന്ന സൂചനയാണ് ഇതു നൽകുന്നത്. ഭൂമിയുടെ നീതിപൂർവ്വമായ കാര്യവിചാര ശുശ്രൂഷയാണ് ദൈവം നമ്മെ ഏല്പിച്ചിരിക്കുന്നത്; അതിനെ ചൂഷ ണം ചെയ്തു നശിപ്പിക്കാനല്ല. അതുകൊ് ധൂർത്ത് ദൈവകല്പനയുടെ നേരിട്ടുള്ള നിഷേധവും കടുത്ത കുറ്റകൃത്യവുമായി കാണേത്.

നീതിവ്യവസ്ഥിതിയും പ്രപഞ്ചത്തിന്റെ നിലനിൽപ്പും തകർക്കുന്ന ധൂർത്ത് ദരിദ്രസമൂഹത്തെയും പ്രകൃതിയെയും സംബന്ധിച്ച് തീർത്തും ഹിംസാത്മകമായ പ്രവൃത്തിയാണ് എന്ന് വിലയിരുത്തേിവരുന്നു. ധനികൻ ധൂർത്ത് നടത്തുമ്പോൾ സമൂഹത്തിലെ ജീവിതച്ചെലവും ന്യായമായി ഉയരും. ഇതു ബാധിക്കുന്നത് കൂടുതലായും ദരിദ്രവിഭാഗത്തെയാണ്. ദരിദ്രന്റെ സമ്പത്ത് അപഹരിക്കുന്നതോടൊപ്പം ഉള്ള പണംകൊ് ജീവിക്കാൻ അവർക്ക് സാധിക്കാത്തവിധം ജീവിതച്ചെലവ് വർദ്ധിക്കുകയും ചെ യ്യുന്നു. അവർ അർദ്ധപട്ടിണിയിൽ നിന്ന് പൂർണ്ണ പട്ടിണിയിലേയ്ക്കു മാറും. ജീവിതം ദു ഹമാകും. ഈ പശ്ചാത്തലത്തിലാണ് ധൂർത്തിന്റെ ഭീകരതയും ഹിംസാത്മകതയും മൂർ ത്തമായി പ്രകടമാകുന്നത്. ധൂർത്ത് ആവശ്യങ്ങൾക്ക് പുതിയ വ്യാഖ്യാനം നൽകുന്നു. അടിസ്ഥാന ആവശ്യങ്ങളുടെ പ്രാഥമിക പരിഗണനകളും മുൻഗണനകളുമെല്ലാം ഇത് അട്ടിമറിക്കുന്നു. വീടുകൾ അടിസ്ഥാനപരമായി മനുഷ്യന്റെ സംരക്ഷണത്തിനും വിശ്രമത്തിനുമുള്ള സംവിധാനമായിട്ടല്ല വിലയിരുത്തുന്നത്. അതൊരു സ്വകാര്യലോകമാണ്. അനന്തമായ സുഖാനുഭവങ്ങളുടെ അതുല്യമായ പ്രപഞ്ചം. കാറുകൾ ഉൾപ്പെടെയുള്ള വാഹനങ്ങൾ യാത്രാസൗകര്യത്തിന് ഉപരിയായി അതിന്റെ മട്ടും വലിപ്പവും വിലയും വേഗതയുമെല്ലാം വഴി മനുഷ്യനെ അമ്പരപ്പിക്കാനാണ് ലക്ഷ്യമിടുന്നത്. അതോടെ ഇവയുടെയെല്ലാം അടിസ്ഥാന പരിഗണനകൾ നഷ്ടപ്പെട്ട ആഡംബര വസ്തുക്കളായി പരിണമിക്കുന്നു. സത്യത്തിൽ ഇവയെ ല്ലാം ധാർമ്മിക ബോധമുള്ള മനുഷ്യ നെ അലോരസപ്പെടുത്തുന്ന അനുഭവമാണ്.

ധൂർത്തടിക്കുന്നത് യഥാർത്ഥത്തിൽ സ്വാർത്ഥതയുടെ പ്രകടനം കൂടിയാണ്. ധാരാളിത്തം കാണിച്ച് സമൂഹത്തെ തങ്ങളുടെ മഹത്വം അംഗീകരിപ്പിക്കുകയാണ് ലക്ഷ്യം. സമൂഹത്തിന് വ്യക്തി സൃഷ്ടിക്കുന്ന സമ്പത്തിന്റെ വിനിയോഗത്തിൽ അവകാശം ു് എന്ന വസ്തുത വിസ്മരിച്ചാണ് ഈ പ്രകടനം. കൈവശം വന്നുചേർന്ന സമ്പത്തിൽ അതിജീവനത്തിനുള്ള മിനിമം അവകാശവും കൈകാര്യകർത്തൃത്വവും മാത്രമേ വ്യക്തിക്കുള്ളൂ എന്നതാണ് വേദപുസ്തക ചിന്ത. കൈവശം വച്ചിരിക്കുന്ന സമ്പത്ത് ദരിദ്രന്റെ പുലർച്ചയ്ക്കുവേി ദൈവം ഏല്പിച്ചിരിക്കുന്നതാണ്. അതിന്മേൽ വ്യക്തിക്കു കർ ത്തൃത്വമില്ല. 'ദരിദ്രനെ ഓർക്കുക' (ഗലാത്യർ 2:10) എന്നത് ആദിമസഭയിലെ ഒരു മുഖ്യ പ്രബോധനമായിരുന്നു. 'ഓർക്കുക' എന്നതുകൊ് വിശ്വാസിക്കുള്ള സമ്പത്ത് അവരുമായി പങ്കുവയ്ക്കുക എന്നതാണ് സാരം. അക്കാര്യം ചിന്തിച്ചാൽ ഒരുവനും ധൂർത്തടിക്കാനാവില്ല. ദരിദ്രനും കൂടി ഉപയോഗപ്രദമായി ധനം ശ്രദ്ധാപൂർവ്വം വനിയോഗിക്കണം എന്നതാണ് ഇവിടെ സൂചന (2 കൊരി. 8:18-21). അതായത് കൈവശത്തിലിരിക്കുന്ന സമ്പത്ത് ദരിദ്രന്റെ കൂടി പരിപാലനത്തിനായി ദൈവം ഏല്പിച്ചിരിക്കുന്ന നിധിയായി കാണണമത്രേ. ആ ബോധ്യത്തിലുള്ളവരെ സംബന്ധിച്ച് ധൂർത്തടിക്കുന്നത് ദരിദ്രന്റെ ഭിക്ഷാപാത്രത്തിൽനിന്ന് അപഹരിച്ച് നാനാവിധമാക്കുന്ന പ്രവൃത്തിയാണ്.

സ്വന്തം കുടുംബം പുലർത്തുന്നതിനുള്ള സമ്പത്തിന്മേൽ മാത്രമേ ഓരോരുവനും അവകാശമുള്ളൂ എന്നതിലേയ്ക്ക് വിരൽ ചൂന്നതാണ് തോട്ടത്തിലേയ്ക്ക് ജോലിക്കായി വിളിക്കപ്പെട്ട കൂലിക്കാരുടെ ഉപമ (മത്താ യി 20:1-16). അവിടെ കഴിവും പ്രാപ് തിയും പോലെ അദ്ധ്വാനിക്കാനുള്ള ബാധ്യത ഓരോ കൂലിക്കാരനുമു ന്നു സൂചിപ്പി

ക്കുന്നു. എന്നാൽ ഒരു ദീനോറോയ്ക്കുള്ള അവകാശമേ ഓരോരുവനും ലഭിക്കുന്നുള്ളൂ. അതായത് ബുദ്ധിയും പ്രാപ്തിയും പോലെ ഓരോരുവനും സമൂഹത്തിനുവേി അദ്ധ്വാനിക്കുന്നു. എന്നാൽ സ്വന്തം കുടുംബത്തിന് ചെലവുകഴിയാനുള്ള ഒരു ദിനൊറോ മാത്രം ഓരോരുവനും അവകാശമായി ലഭിക്കുന്നുള്ളൂ. ധൂർത്തിനുള്ള സമ്പത്ത് സമ്പാദിച്ചുവയ്ക്കാനുള്ള സാധ്യത ഈ ഉപമ നിഷേധിക്കുന്നു. ഒരുവന്റെ കായിക-ബൗദ്ധിക-അദ്ധ്വാന ശേഷികളുടെ നേട്ടം സമൂഹത്തിലെ ദുർബലർക്ക് ലഭ്യമാക്കുവാനാണ് ദൈവീക ക്രമീകരണം. അത് സ്വന്തമാക്കി കൈ വശം വച്ച് ധൂർത്തടിക്കുന്നതിന് നീതീകരണമില്ല. കരണം അത് ദരിദ്രന്റെ ആവശ്യങ്ങൾക്കുവേിയുള്ള കരുതൽ ധനമാണ്.

ധൂർത്ത് വാസ്തവത്തിൽ സമൂഹത്തിലും സഭയിലുമുള്ള കൂട്ടായ്മയും ഐക്യവും തകർത്ത് വിഭാഗീയതയും ധ്രുവീകരണവും വിദ്വേഷവും വർദ്ധിപ്പിക്കുന്നു. സഭയിലും സമൂഹത്തിലും ധൂർത്തടിക്കുന്നവരുമായി ദരിദ്രന് എന്തു ബന്ധമാണുള്ളത്?. ധൂർത്ത് സൃഷ്ടിക്കുന്നത് അകൽച്ചയാണ്; വിദ്വേഷമാണ്. ഈ കാര്യം പൗലോസ് കുർബാനാനുഭവവുമായി ബന്ധിപ്പിച്ച് സൂചിപ്പിക്കുന്നു്. (1 കൊരി.11:27-34). ഇത് പാപമാണ്. എന്നും കർത്താവിന്റെ തിരുരക്ത ശരീരങ്ങളെ പ്രതി ഇവർ കുറ്റക്കാരാണ് എന്നും പൗലോസ് വിധിയെഴുതുന്നു. രക്ഷകനെ കത്തിയ സക്കായി തന്റെ സ്വത്തിന്റെ പകുതി ദരിദ്രർക്കു ഭാഗിച്ചുകൊടുക്കുന്നതായി കാണുന്നു. രക്ഷ പ്രാപിക്കുവാനുള്ള ആഗ്രഹവുമായി എത്തുന്ന യുവാവിനോട് അവന്റെ സ്വത്തു മുഴുവൻ ദരിദ്രർക്കു പങ്കിട്ടു കൊടുത്തശേഷം തന്നെ അനുഗമിക്കുവാൻ ക്രിസ്തു ആവശ്യപ്പെടുന്നു. ധനവാന്റെയും ദരിദ്രന്റെയും ഉപമയിൽ തന്റെ സ്വത്ത് ധൂർത്തടിച്ച് ജീവിച്ചു എന്ന ഏക കുറ്റമാണ് അവന്റെ ശിക്ഷയ്ക്ക് ആധാരമായി ചൂിക്കാണിക്കുന്നത്. അതായത് സ്വത്തിന്റെ അമിതമായ ഉടമസ്ഥതയും ഉപഭോഗവും മനുഷ്യനെ രക്ഷയ്ക്ക് പുറത്താക്കുന്ന പാപമാണ് എന്നാണ് സൂചിപ്പിക്കുന്നത്. അതായത് സ്വത്ത് പങ്കുവയ്ക്കുന്നത് സമൂഹസൃഷ്ടിക്ക് സഹായകമാകുന്നു.

ദാരിദ്ര്യം അനുഭവിക്കേി വരുന്നതും അതുമൂലമുള്ള സഹനവും ഭാഗ്യമായി ക്രിസ്തു പഠിപ്പിക്കുന്നു എന്നത് ശരിയാണ്. എന്നാൽ ഈ ചൂഷണ, പീഡന വ്യവസ്ഥിതി നില നിർത്തുന്ന അനീതിപരമായ സാമൂഹിക- സാമ്പത്തിക ക്രമം സാധൂകരിക്കപ്പെടുന്നില്ല. ദാരിദ്ര്യമുാകുന്നത് സ്നേഹവും നീതിയും കരുതലുമില്ലാത്ത ഒരു സാമൂഹിക-സാമ്പത്തിക-രാഷ്ട്രീയ ഘടനയുടെ നിലനിൽ പ്പുകൊാണ്. നാം ജീവിക്കുന്ന കാ ലഘട്ടം ശക്തമായ ഒരു മത്സരത്തിന്റേതാണ്. കമ്പോളാധിഷ്ഠിത സാമ്പത്തിക ക്രമം നിലനിൽക്കുന്നിടത്ത് മത്സരക്ഷമതയും പ്രഹരശേഷിയും പ്രാപ്തിയും എല്ലാം അംഗീകൃതമൂല്യങ്ങളും അതുവഴി ആർജ്ജിച്ചെടുത്ത ലാഭം സ്വന്തം ഉപഭോഗത്തിനുമാണ് എന്നാണ് വയ്പ്. മൂലധനവും സാങ്കേതിക ജ്ഞാനവും അദ്ധ്വാനശേഷിയുമില്ലാത്തവർ സമൂഹഘടനയിൽ നിന്ന് തിരസ്കൃതരാകുന്നു. അതായത് ദരിദ്രനും ദുർബലനും അടിസ്ഥാന നീതി ലഭിക്കാത്ത ഒരു അധികാരഘടനയിൽ ദരിദ്രന് പങ്കിടാനായി ലഭിക്കേ സമ്പത്ത് ആ നിയോഗം വിസ്മരിച്ച് സ്വകാര്യ ഉപഭോഗത്തിനും ധൂർത്തിനും വിനിയോഗിക്കുന്നതിലെ കുറ്റകരമായ അനാസ്ഥയ്ക്ക് ക്രിസ് തീയ മൂല്യക്രമത്തിൽ നീതീകരണമില്ല എന്നത് വിശ്വാസികൾ ഓർക്കേതാണ്.

ധൂർത്ത് വഴി സൃഷ്ടിക്കപ്പെടുന്നത് മനുഷ്യത്വത്തിന് വിലയില്ലാതാകുന്ന സാഹചര്യമാണ്. അടിസ്ഥാന ജീവിതാവശ്യങ്ങൾ ലഭ്യമല്ലാതെ കഴിയുവാൻ വിധിക്കപ്പെടുന്ന മനുഷ്യരെ അവഗണിക്കുന്ന ധൂർത്തരായ സമ്പന്ന വിഭാഗത്തിന് ദുർവ്യയം ചെയ്യുന്നതിനുള്ള ധാർമ്മിക അവകാശം എന്തെന്ന് വ്യക്തമാക്കേ കാര്യമാണ്. അന്ത്യന്യായവിധിയുടെ വിവരണത്തിൽ ദരിദ്രന്റെയും, അഗതിയുടെയും, അഭയാർത്ഥിയുടെയും മുഖത്ത് ക്രിസ്തുവിനെ കാണാതെ സമ്പത്ത് വിനിയോഗിച്ചതിന്റെ പേരിലാണെന്ന് ശിക്ഷ എന്ന് ഓർക്കുമ്പോൾ ധൂർത്തിന്റെ ഗൗരവവും പ്രത്യാഘാതവും വിശദമാകും. ധാർമ്മിക ബാധ്യതയും ദരിദ്രന് നീതി ലഭ്യമാക്കാനു ള്ള ചുമതലയും മറന്ന് സാമ്പത്തിക ദുർവ്യയം നടത്തുന്നതിന് എതിരായ ശക്തമായ മുന്നറിയിപ്പും താക്കീതുമാണ് സുവിശേഷത്തിൽ നാം വായിക്കുന്നത്.

ഈ ധൂർത്താകട്ടെ സാവകാശം ഒരു സമൂഹത്തെത്തന്നെ സാമ്പത്തിക തകർച്ചയിലേയ്ക്കും നിത്യ ദാരിദ്ര്യത്തിലേയ്ക്കും നയിക്കുമെന്ന നിരീക്ഷണം നാം ഗൗരവമായി എടുക്കേതു്. അമർത്യാസെന്നിന്റെ Freedom and Development എന്ന സമകാലീന രചനയിൽ അയർലന്റിൽ ഉായ ക്ഷാമത്തെപ്പറ്റി പറയുന്നു. അവിടെ ക്ഷാമമുായത് ധാരാളിത്തത്തിന്റെ പ്രത്യാഘാതമായിട്ടായിരുന്നു എന്നാണ് അദ്ദേഹത്തിന്റെ വിശകലനഫലം. ധൂർത്ത പുത്രനുായ ദാരിദ്ര്യാവസ്ഥ സത്യത്തിൽ ഒരു വ്യക്തിയുടെ സാമ്പത്തിക തകർച്ചയുടെ മാത്രം കഥയല്ല, ധൂർത്തടിക്കുന്ന സമൂഹത്തിന്റെ ആത്യന്തിക മായ ദുർഗതിയായി മന ിലാക്കണം.

മനുഷ്യൻ ധൂർത്തടിക്കുന്നതിന്റെ പിന്നിലെ വിമർശനാടിസ്ഥാനം ആ വ്യക്തിക്ക് അതിനുള്ള സാമ്പത്തിക വകുപ്പില്ല എന്നതല്ല, അത് തിന്മയാണ് എന്നുള്ള തിരിച്ചറിവാണ്. ലാളിത്യം ദൈവതാല്പര്യമായി കരുതുന്നവർക്കും തന്റെ സ്വത്തിൽ ദരിദ്രന് അവകാശമു് എന്നു ബോധ്യമുള്ളവർക്കും ധൂർത്തടിക്കാനാവില്ല. ധൂർത്തടിക്കുവാനുള്ള മനുഷ്യന്റെ തൃഷ്ണ അതുകൊ് വിഭ്രാന്തിപരമാണ് (psychotic). ഇത്തരത്തിലുള്ള മനുഷ്യർ അടിസ്ഥാന ജീവിത യാഥാർത്ഥ്യങ്ങളുമായി ബന്ധമില്ലാത്തവരാണ്. ഈ മാനസിക സ്ഥിരതയുള്ളവർ സ്വാഭാവികമായും ധൂർത്തരായി തീരുവാനുള്ള സാധ്യതയു്. ധൂർ ത്ത് വഴി ലഭിക്കുന്ന ഇവരുടെ വികല സന്തോഷം യഥാർത്ഥ മാന

# സഭാശുശ്രൂഷയിൽ രുപതിറ്റാുകൾ-13

ഡോ. തോമസ് അത്താനാസ്യോസ്

മലങ്കര സഭയിലെ പിളർപ്പ് പരിഹരിക്കാനായി സുപ്രീംകോടതി ന്യായയുക്തമായ ഒരു വിധി പ്രഖ്യാപിച്ചെങ്കിലും അതിന്റെ അടിസ്ഥാനത്തിൽ കോടതി വിവക്ഷിച്ച പ്രകാരം ഒരു ഐക്യം യാഥാർത്ഥ്യമായില്ല. ആ അവസരം വേവിധം സഭയെപ്രതിയും, ദൈവനിയോഗത്തെയോർത്തും യാഥാർത്ഥ്യമാക്കാൻ ഇരുപക്ഷ നേ താക്കൾക്കും ബോധ്യമുായിരുന്നില്ല എന്നതാണ് സത്യം. എന്നാൽ ഇടംവലം നോക്കാതെ ഐക്യശ്രമത്തിനിറങ്ങിയ പാത്രിയർക്കീസ് പക്ഷത്തിലെ ഒരു വിഭാഗത്തെ ശ്വാസം മുട്ടിക്കുന്നതിൽ പ്രാദേശികമായി ഇരുവിഭാഗക്കാരും മത്സരിക്കുകയായിരുന്നു. അതു സംബന്ധിച്ച ചില അനുഭവങ്ങളായിരുന്നു മുൻ ലക്കങ്ങളിൽ വിവരിച്ചിരുന്നത്.

കോടതിവിധിയെ തുടർന്ന് പാത്രിയർക്കീസ് കക്ഷിയിലെ ഐക്യാനുകൂലികൾ ഓർത്തഡോക്സ് വിഭാഗവുമായി ഏകമാകാനുള്ള നടപടികളുമായി മുന്നോട്ടുപോയി. ഈ സാഹചര്യത്തിൽ പാത്രിയർക്കീസ് വിഭാഗത്തിലെ ഐക്യവിരോധികൾ ആദ്യം പകച്ചുനിന്നെങ്കിലും ഭരണ ചക്രം തോമസ് ദിവന്നാസ്യോസ് തിരുമേനിയിൽ എത്തിച്ചതോടെ കാര്യങ്ങൾക്ക് മാറ്റമായി. ഐക്യവിരുദ്ധരെ സംഘടിപ്പിക്കാനായി ഒരു പള്ളിപ്രതിപുരുഷയോഗം വിളിക്കാൻ അദ്ദേഹം തീരുമാനിച്ചു. ഇതിനെതിരെ ഒന്നും ചെയ്യാൻ ഓർത്തഡോക്സ് നേതൃത്വം ശ്രമിച്ചില്ല. എങ്കിലും ഇതിന് നിയമപരമായി തടയിടുന്നതിന്റെ ആവശ്യം ബോധ്യപ്പെട്ട് പാലക്കുഴ യിലെ ശ്രീ. കെ.എ. തോമസും, ചാലപ്പുറത്ത് ജോർജ്ജ് അച്ചനും കൂടി കേസ് കൊടുക്കാനായി കുറിയാക്കോസ് (ചെന്നക്കാട്ട്) ചേട്ടനെ സമീപിച്ചു. തിരുമേനി ആവശ്യപ്പെട്ടാൽ മാത്രം ചെയ്യാം. അല്ലെങ്കിൽ നിങ്ങൾ തന്നെ കേ ിന് പോവുക എന്ന് പറഞ്ഞ് അവരെ തിരിച്ചയച്ചു. പിന്നെ അവർ എന്നെക്കൊണ്ട് കുര്യാക്കോസ് ചേട്ടനെ വാദിയാക്കാൻ പ്രേരിപ്പിക്കണമെന്ന് ആവശ്യപ്പെട്ടു. അങ്ങനെ ഞാൻ ആവശ്യപ്പെട്ടതനുസരിച്ച് കേ് കൊടുക്കാൻ കുര്യാക്കോസ് ചേട്ടൻ തയ്യാറായി.

മഞ്ചേരി കോടതിയിൽ കേസ് ഫയൽ ചെയ്തു. യോഗം തടഞ്ഞുകൊ് ഉത്തരവും ഉായി. കെ.എ. തോമസ് ചേട്ടന്റെ വിയാണ് ഈ കാര്യത്തിനെല്ലാം ഓടിയത്. പണം മുടക്കിയതും അദ്ദേഹം തന്നെ. കേ ു കാര്യത്തിന് പോയത് ഞാൻ തനിയെയായിരുന്നു. കേ ിലെ പ്രതികൾ ഉത്തരവ് കൈപ്പറ്റാതെ രംഗത്തുനിന്ന് മുങ്ങിയതുകൊ് വിധി സെർവ് ചെ യ്യുന്നതിൽ വിജയിച്ചില്ല. അലയൊഴിഞ്ഞ സമയത്ത് വീും അവർ പ്രത്യക്ഷപ്പെട്ട് യോഗംചേർന്ന് ഔപചാരികമായി ഒരു പുതിയ സഭയുടെ

സിക ഉല്ലാസമായി ഇത്തരക്കാർ തെറ്റിധരിക്കുന്നു.

ചൂഷണം സാധാരണമാകുന്ന ഒരു സമൂഹത്തിലാണ് നാം ജീവിക്കുന്നത്. ചൂഷണലക്ഷ്യത്തോട് മാധ്യമങ്ങൾ പ്രകടമാക്കുന്ന ജീവിത സങ്ക ല്പം ധൂർത്തിന് പ്രേരണ നൽകുന്നു. ഈ പരസ്യങ്ങളിൽ കാണുന്നതുപോലെ ജീവിക്കുന്നതാണ് യഥാർ ത്ഥ ജീവിതം എന്ന് തെറ്റിധരിക്കുന്ന മനുഷ്യർക്ക് രോഗ ഗ്രസ്തമായ മന ാണുള്ളത് എന്ന് തിരിച്ചറിയുന്നില്ല. ചൂഷണവും അതിനെ സാധൂകരിക്കുന്ന സാമൂഹിക മൂല്യവ്യവസ്ഥിതികളും നിലവിലിരിക്കുന്നിടത്ത് ദുർ ബല മാനസിക സ്ഥിതിയുള്ളവർ ധൂർത്ത് സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങൾ തിരിച്ചറിയാതെ അത് മാതൃകയാക്കുന്നു. ഇത്തരക്കാരെ സൗഖ്യാനുഭവത്തിലേയ്ക്ക് വരുത്തുക സഭയുടെ ഇടയത്ത ശുശ്രൂഷയുടെ ഭാഗമായി തിരിച്ചറിയേത്.

പുതിയ ആദർശബിംബങ്ങളാണ് ഇന്നുള്ളത്. ഒരുകാലത്ത് പിതൃത്വസ്വത്തെല്ലാം ദരിദ്രർക്ക് ഭാഗിച്ചുകൊടുത്ത ഓറിഗനും, സെയ്ന്റ് ആന്റണിയും, അ ീസിയിലെ വി. ഫ്രാൻ സിസും ഉത്തമ മാതൃകകളായിരുന്നു. അവരെ വലിയ ധീരന്മാരായി സമൂ ഹം വിലയിരുത്തി. ഇന്ന് ചെറ്റപ്പുരയിൽ നിന്ന് കോടിപതികളാകുന്ന സ്വയംകൃത (Self made) അംബാനിമാരാണ് ലോകത്തെ മുഴുവൻ ആകർ ഷിക്കുന്നത്. അവരാണ് ഇന്നത്തെ യുവജനങ്ങളെ ഹരം കൊള്ളിക്കുന്നത്. അടുക്കളപ്പണിയിൽ ആരംഭിച്ച് ഉയർന്നമാനേജിരീയൽ തസ്തികകളിൽ എത്തിയ സ്ത്രീകൾ ഇന്നത്തെ പെൺകുട്ടികളുടെ ആദർശബിംബങ്ങളാണ്. കുറുക്കുവഴിയിലൂടെ സമ്പത്ത് നേടിയും അത് വ്യവസ്ഥകളില്ലാതെ ധൂർത്തടിച്ചും അടിപൊളിയായി ജീവിക്കുന്നതാണ് ആദർശജീവിതം എന്ന കാഴ്ചപ്പാട് ധൂർത്ത് സൃഷ്ടിക്കാൻ പ്രേരകമാണ്. അതുകൊിതിന് ഒരു തിരുത്ത് ആവശ്യമായി വന്നിരിക്കുകയാണ്.

എവിടെ ധൂർത്ത് കാണുന്നോ, അതിനു പിമ്പിൽ അഴിമതിയു്.

ധൂർത്ത് ഇന്നൊരു ആസക്തിയായി മാറിയിരിക്കുകയാണ്. ഇതിൽ നിന്ന് സമൂഹത്തെ സ്വതന്ത്രമാക്കേത് സഭയുടെ ബാധ്യതയായിത്തീേരു്. അതിന് ഇത് ഒരു പാപ വും അടിസ്ഥാന തിന്മയുമായി ജന ത്തെ ബോധ്യപ്പെടുത്തേിവരും. ധൂർത്തടിക്കുന്ന സമ്പത്ത് ദരിദ്രനുമായി പങ്കുവച്ചും മിതത്വം പാലിച്ചുമാണ് ഒരു നീതി സമൂഹത്തെ സൃഷ് ടിക്കുന്നത് എന്ന ബോധം രൂപപ്പെടുത്തേതു്. ഈയൊരു പ്രക്രിയ വഴി ലഭി

ആരംഭം കുറിച്ചു. ദിവന്നാസ്യോസ് തിരുമേനിയെ നിയമപരമായി തടയിട്ടാൽ മാത്രമേ ഐക്യപ്രക്രിയ വിജയിക്കൂ എന്ന സദ്ദുദ്ദേശ്യത്തോടെ തന്നെയാണ് ചാലപ്പുറത്തച്ചനും, തോമസ് ചേട്ടനും ഈ കാര്യത്തിന് അദ്ധ്വാനിച്ചത് എന്നുതന്നയാണിന്നും ഞാൻ വിശ്വസിക്കുന്നത്. എന്നാൽ കോടതി വിധിയെ ഒഴിഞ്ഞുമാറി ഒരു സഭയ്ക്ക് രൂപം കൊടുക്കും എന്ന ബോധ്യമായപ്പോൾ നിലപാട് മാറ്റാൻ രുപേർക്കും ചമ്മൽ ഒന്നുമുായിരുന്നില്ല എന്നു മാത്രം.

ഏതാനും ദിവസങ്ങൾക്കുള്ളിൽ ഹൈക്കോടതിയിലെ എന്റെ വക്കീൽ എന്നെ വിളിച്ചു. ഞാൻ പള്ളിക്കോടതിയിൽ കൊടുത്തിരിക്കുന്ന കേ ിൽ ശ്രദ്ധിക്കണം എന്നു പറഞ്ഞു. കനാട് ഭദ്രാസനത്തിലെ പള്ളികളിൽ ഐക്യവിരുദ്ധ പാത്രിയർക്കീസ് ക ക്ഷി മേലദ്ധ്യക്ഷന്മാർ പ്രവേശിക്കുന്നതിന് നിരോധനം ഏർപ്പെടുത്ത ണം എന്നായിരുന്നു കേ ിന്റെ താല് പര്യം. താൽക്കാലിക നിരോധനം കിട്ടിയിരുന്ന കേ ാണ് പള്ളിക്കോടതിയിൽ എത്തിയിരുന്നത്. അന്നത്തെ ഡിസ്ട്രിക്ട് ജഡ്ജി പാത്രിയർക്കീസ് വിഭാഗത്തിൽ നിന്നും കോഴ വാങ്ങിയിട്ടു് എന്ന് വിശ്വസനീയമായി അറിയാൻ കഴിഞ്ഞു എന്നാണ് എന്റെ വക്കീൽ എന്നെ വിളിച്ചുപറഞ്ഞ കാര്യം. അതുകൊാണ് കേ ു കാര്യത്തിൽ ശ്രദ്ധ ഉാകണമെന്ന് അദ്ദേഹം പറഞ്ഞത്.

ഞാൻ കാതോലിക്കാ ബാവായെ ഉടനെ വിളിച്ചു കാര്യം പറഞ്ഞു. നീതിപൂർവ്വമായ ഒരു വിധി കിട്ടുന്നതിന് എത്ര പണവും ചെലവഴിക്കാൻ തയ്യാറാണ് എന്ന് ബാവാ അറിയിച്ചു. കോഴവാങ്ങി വിധി പറയാനിരിക്കുന്ന ന്യായാധിപന്റെ അടുക്കൽ ഏത് വക്കീൽ വന്നാലും വിശേഷമില്ല എന്ന് ഞാൻ ബാവായെ ബോധ്യപ്പെടുത്തി. വരുന്ന ഉത്തരവിനെതിരെ അപ്പീൽ പോകാമെന്നു പറഞ്ഞ് ബാവായെ സമാധാനിപ്പിച്ചു. ബാവാ ഇക്കാര്യത്തിൽ ഏറെ ഭാരപ്പെട്ടിരുന്നു. ഏതായാലും തെറ്റായ മാർഗ്ഗത്തിലൂടെ വിധിക്ക് തടയിടാൻ പോക എന്നായിരുന്നു എന്റെ നിലപാട്. വക്കീലും അതിനെ അനുകൂലിച്ചു.

പ്രതിക്ഷിച്ചതുപോലെ തന്നെ നടന്നു. സുപ്രീംകോടതി വിധിക്ക് പുല്ലുവിലപോലും കൊടുക്കാതെ വിധി നൽകി. കോടതിവിധി പ്രകാരം ഭരണഘടന അംഗീകരിച്ചത് വലിയ അപരാധമായിപ്പോയി എന്നായിരു ന്നു അദ്ദേഹത്തിന്റെ കത്തെൽ. ആ വിധിയുടെ പശ്ചാത്തലത്തിൽ അഴിമതി സാധ്യത ചൂിക്കാണിച്ച് ഈ ഭദ്രാസനത്തിലെ വൈദീകർ ഹൈക്കോടതി ചീഫ് ജസ്റ്റിസിന് അപേക്ഷ കൊടുക്കുകയും ചെയ്തു. സാഹചര്യങ്ങൾ വേവിധം പഠിച്ച അദ്ദേഹം ഡിസ്ട്രിക്റ്റ് ജഡ്ജിക്ക് സർവ്വീസ് എക്സ്റ്റെൻഷൻ നൽകാതിരുന്നതുമൂലം അയാൾ കോടതിയിൽ നിന്ന് അടിത്തൂൺ പറ്റിപ്പിരിഞ്ഞ് സൗത്ത്കേരളാ ഡയോസിസിലെ ഉപദേശിയായി ശിഷ്ടായു് കഴിച്ചുകൂട്ടി.

ഈ വിധിക്കെതിരെ ഹൈക്കോടതിയിൽ അപ്പീൽ കൊടുത്തു. അപ്പീൽ സ്വീകരിച്ച് തല്സ്ഥിതി തുടരാൻ 1998 സെപ്റ്റംബറിൽ വിധിയുായി. എന്നാൽ ചില സാങ്കേതിക കാര്യങ്ങൾ കൊ് ആദ്യവിധി റദ്ദാക്കിയില്ല. സെപ്റ്റംബർ 18 രാത്രിയിൽ മലയാള മനോരമ മൂവാറ്റുപുഴ ബ്യൂറോ ചീഫ് ശ്രീ. ജോൺസൺ മാമലശ്ശേരി എന്നെ വിളിച്ച് അരമന ആക്രമണത്തിന് പലയിടത്തുനിന്നുമായി ആൾക്കാർ സംഘം ചേർന്ന് യാത്രയായിട്ടുള്ളതായി അറിയിച്ചു. ശ്രദ്ധിക്കണം എന്ന് മുന്നറിയിപ്പ് നൽകി. ഉടനെ തന്നെ ഞാൻ മൂവാറ്റുപുഴ ഡി.വൈ.എസ്.പി. ശ്രീ. മാർട്ടിനെ വിളിച്ച് ഈ അറിയിപ്പ് പങ്കുവച്ചു. അദ്ദേഹം അന്വേഷണം നടത്തി കാര്യം ശരിയാണെന്നറിയിച്ചു. അക്രമിസംഘങ്ങൾ മൂവാറ്റുപുഴ ടൗണിൽ പ്രവേശിക്കുന്നത് നിരോധിച്ചു. ഉദ്ദേശിച്ച കാര്യം നടക്കില്ല എന്ന് വ്യക്തമായപ്പോൾ അവർ പിരിഞ്ഞുപോയി.

അവർ പിരിഞ്ഞുപോയെങ്കിലും അരമനയിൽ അഞ്ച് പോലീസുകാരെ ഡ്യൂട്ടിയിൽ നിയോഗിച്ചിരുന്നു. എന്തെങ്കിലും പിറ്റേദിവസം സംഭവിക്കും എന്ന ചിന്തയായിരുന്നു. അരമനയിൽ ചുരുക്കം ചിലരേ ഉായിരുന്നുള്ളൂ. ഡോ. എ.റ്റി. എബ്രഹാം അച്ചൻ, അച്ചന്റെ ഡ്രൈവർ, ചെറുകാട് ഏലിയാസ് അച്ചൻ, എന്റെ ഡ്രൈവർ, പാചകക്കാരൻ, എന്റെ സഹോദരപുത്രൻ ജോണി, ശെമ്മാശന്മാരായ ബിനോയ് ജോൺ, ജോയി തോമസ് എന്നിവരായിരുന്നു അവർ.

രാത്രിയിൽ ബോറടിച്ചിരുന്ന അവരിൽ ഒരാൾ അല്പം ചാരപ്പണി ആരംഭിച്ചു. കയ്യേറ്റത്തിന് നേതൃത്വം കൊടുത്ത അച്ചന്റെ വീട്ടിൽ വിളിച്ച് അനുഭാവി എന്ന രീതിയിൽ അന്വേഷണം നടത്തി. രാത്രി പതിനൊന്നര ആകുമ്പോഴേയ്ക്കും പത്തിരുന്നൂറ് പേർ അരമന വളയാൻ ക്രമീകരിച്ചിട്ടു് എന്ന വാർത്ത നേർബുദ്ധിക്കാരിയായ അമ്മായി ഉറപ്പായി പറഞ്ഞു. എല്ലാവരും അങ്കലാപ്പിലായി. അരമണിക്കൂറിനകം വലിയൊരു പട അരമന വളയുമത്രേ! എങ്ങനെ തടയും. നി ഹായരായ ഏതാനും പോലീസുകാരും അരമനയിലെ ചുരുക്കം പേരും മാത്രമാണ് സംരക്ഷണത്തിനുള്ളത്.

പോലീസ് സ്റ്റേഷനിൽ വിളിച്ച് വിവരം പറഞ്ഞു. ഉടനെതന്നെ കടമറ്റത്ത് ഡ്യൂട്ടിയിലായിരുന്ന ഒരു ബസ് നിറയെ പോലീസുകാർ മൂവാറ്റുപുഴയ്ക്ക് പുറപ്പെട്ടു. ബസ് വഴിക്ക് കേടായി. അവർ എത്തിയില്ല. രാത്രി പതിനൊന്നര ആയപ്പോഴേയ്ക്കും വിവിധ വാഹനങ്ങളിലായി ഇരുന്നൂറോളം അക്രമാസക്തരായ 'ഭക്തന്മാർ' ആ യുധങ്ങളുമായി അരമനയ്ക്ക് മുമ്പിലെത്തി. ഗെയ്റ്റ് പൂട്ടിയിരുന്നതിനാൽ പെട്ടെന്ന് അകത്തുകയറാനായില്ല. ഉടനെ അസഭ്യവർഷം ആരംഭിച്ചു. ഏതോ ഒരാൾ ചീത്തവിളി നിർത്താൻ വിളിച്ചുപറയുന്നുായിരുന്നു. അതി ന് മറുപടിയായി മറ്റൊരാൾ "കള്ളുകുടിച്ചിട്ട് പിന്നെന്താ സുവിശേഷം പറയണോ?" എന്നു മറുചോദ്യം ഉയർത്തിയത് സംഘർഷത്തിനിടയ്ക്ക് ചിരിക്ക് വകനൽകി. നിമിഷങ്ങൾക്കുള്ളിൽ ഇന്നത്തെ ചില മെത്രാന്മാർ ഉൾപ്പെടെ മതിൽ ചാടിക്കടന്ന് അരമന മുറ്റത്തെത്തി. ര് മോട്ടോർ

വഴിവിളക്ക്

# രോഗത്തെ സ്വീകരിക്കുന്ന വിധം

ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്ത

എനിക്കില്ലാത്തതായ രോഗങ്ങളൊന്നും തന്നെയില്ല. കണക്കെടുത്താൽ ഏകദേശം പത്തെണ്ണം വരും. ഞാനതിനെ എല്ലാം സ്വീകരിച്ചിരിക്കുന്നു. രോഗങ്ങൾ എന്നെയും സ്വീകരിച്ചിരിക്കുന്നു. പരസ്പര ധാരണയോടെ ഞാനും രോഗങ്ങളും മുൻപോട്ട് പോ കുന്നു. ഇതാണ് എന്റെ ആരോഗ്യത്തിന്റെ രഹസ്യം.

ഡോക്ടർമാരുടെ സമരവുമായി ബന്ധപ്പെട്ടാണ് ഞാൻ ഈ ആരോഗ്യവിചാരം എഴുതുന്നത്. വിവിധ ആവശ്യങ്ങളുമായി ഡോക്ടർമാരും നടപടികളുമായി സർക്കാരും നിൽക്കുമ്പോൾ വിഷമിക്കുന്നത് രോഗികളാണ്. ഒരു രോഗം വന്നാൽ ജീവിത ത്തിന്റെ കണക്കുകൂട്ടലുകൾ ആകെ തെറ്റുന്ന സാധാരണക്കാർ. രോഗം വന്നവർക്കേ രോഗിയുടെയും അവരുടെ ബന്ധുക്കളുടെയും വിഷമം തിരിച്ചറിയാനാവൂ എന്നാണ് എന്റെ വിശ്വാസം. മനുഷ്യനെ ഭയപ്പെടുത്തുന്ന രോഗമാണെങ്കിൽ പലവിധ പരിശോധനകൾ നടത്തി കൂടിയ ചികിത്സാ ബ ില്‍ അടിച്ചേല്പിക്കുക എന്ന രീതി ചിലയിടത്ത്. രോഗിയുടെ ചെലവും സമൂഹവും വഹിക്കണം. അരിക്ക് വില കൂടിയാൽ നമ്മളെല്ലാവരും പ്രശ്നമുാക്കും. ഇന്ന ത്തെ കാലത്ത് അരിയേക്കാൾ പ്രധാനമാണ് മരുന്നുകൾ. അതിനാൽ, രോഗകാര്യങ്ങളിൽ സമൂഹത്തിനും പങ്കു്.

പ് നാട്ടുവൈദ്യന്മാരുടെ ചികിത്സ മാത്രമാണ് ഉായിരുന്നത്. ആയുർവേദ ചികിത്സാരീതികളിൽ വൈദ്യനോടൊപ്പം രോഗിയും ബന്ധുക്കളും സമൂഹവും പങ്കാളിയാകുന്നു. വൈദ്യൻ പറയുന്ന മരുന്ന് ശേഖരിക്കാൻ ബന്ധുക്കളാണ് സഹായിക്കുന്നത്. മരുന്നുാക്കാൻ അയൽ ക്കാരും.

ഇന്ന് രോഗമുായാൽ ചികിത്സാരീതികളുടെ കുത്തൊഴുക്കാണ്. അലോപ്പൊതി, അക്യുപങ്ചർ, പ്രാണിക് ഹീലിംങ്, ഹോമിയോ, ആയുർവേദം, വിശ്വാസപ്രാർത്ഥന.... അങ്ങനെ പലതും. ഏതെങ്കിലും ഒരു രോഗം കൊ് ആശുപത്രിയിലെത്തുന്ന ഒരാൾ ഇത്രയും ചികിത്സയുടെ ഫലമായി ഉാകുന്ന പുതിയ രോഗം മൂലം മരിക്കുന്നു എന്ന രീതിയിലായി കാര്യങ്ങൾ.

ഹെർപിസ് എന്ന രോഗം എനിക്ക് വന്നപ്പോൾ അലോപ്പൊതി ഡോക്ടറാണ് ആദ്യം പരിശോധിച്ചത്. ശരീരത്തിന്റെ വേദന കുറയാനുള്ള മരുന്ന് തരാമെന്നും രോഗം മാറണമെങ്കിൽ രാഴ്ച കഴിയുമെന്നും അദ്ദേഹം പറഞ്ഞു. രോഗ വിവരം അറിഞ്ഞ് എന്റെ സുഹൃത്തുക്കളായ മറ്റ് ഡോ ക്ടർമാരും സ്ഥലത്തെത്തി. അവരെല്ലാവരും തങ്ങളുടെ ചികിത്സാരീതികൾ എന്നിൽ പ്രയോഗിച്ചു. അവസാനം രാഴ്ച കഴിഞ്ഞപ്പോൾ രോഗം മാറി. ഇതേ രോഗം വന്ന ഒരാൾ എന്നോട് ഉപദേശം ചോദിച്ചു. ലഭ്യമായ എല്ലാ ചികിത്സയും നടത്തണമെന്നും രാഴ്ച കഴിഞ്ഞാൽ രോഗം മാറുമെന്നുമുള്ള വിദഗ്ദ്ധ അഭിപ്രായമാണ് ഞാൻ നൽകിയത്.

ക്യാൻസർ ബാധിച്ച് വെല്ലൂരിലെ ക്രിസ്ത്യൻ മെഡിക്കൽ കോളേജിൽ ചികിത്സയിലായിരുന്ന എന്നെ പരിശോധച്ചത് ഡോ. അരവിന്ദ്, ഡോ. ജോർജ്ജ് മാത്യു എന്നീ സീനിയർ സർജന്മാരുടെ നേതൃത്വത്തിലുള്ള ഡോക്ടർമാരായിരുന്നു. ആശുപത്രിയിലാണെന്ന തോന്നൽ അന്ന് എനിക്കുായതേയില്ല. ഏതോ ഒഴിവുകാല വസതിയിലാണെന്ന രീതിയിലായിരുന്നു അവരുടെ പരിചരണം. മൂന്നാഴ്ച മുൻപ് വീു ഒരു പരിശോധനയ്ക്ക് ഞാനവിടെ പോയപ്പോൾ വിദേശത്തുനിന്ന് അവധിക്കെത്തിയ ഡോ. അരവിന്ദ് എന്നെ കാണാൻ വന്നു. അദ്ദേഹത്തിന്റെ വീട്ടിലുള്ളവരുമായും ഞാൻ സൗഹൃദം പങ്കിടുന്നു.

ജീവിതത്തെ രോഗം ബാധിച്ചേക്കാം. എന്നാൽ അത് ജീവിതത്തെ നശിപ്പിക്കുന്ന ഒന്നല്ല. രോഗം നമ്മെ ഭരിക്കാതിരുന്നാൽ മതി. രോഗിയായിട്ടും ഞാനിങ്ങനെ പരിപാടികളിൽ പങ്കെടുക്കുന്നു, പ്രസംഗിക്കുന്നു, എ ഴുതുന്നു, ചെടി നടുന്നു, ആടുകളെ വളർത്തുന്നു. രോഗത്തെ നാം എങ്ങ നെ സ്വീകരിക്കുന്നു എന്നത് പ്രധാനമാണ്. രോഗം ആയു ിന്റെ പ്രയോജനത്തെ ഹനിക്കണമെന്നില്ല.

നവതി ആഘോഷ സമ്മേളനങ്ങളിൽ പ്രസംഗിക്കുന്നവരുടെ വകയായി എനിക്ക് മറ്റൊരു സമ്മാനംകൂടി ലഭിക്കാറു്. നൂറ് വയ ുവരെ ജീവിക്കാനുള്ള ആശംസ. അത്രവ്വ ■

---

ബൈക്കുകൾ തകർത്തു. കല്ലേറ് ആരംഭിച്ചു. വൈകാതെ ഡി.വൈ. എസ്.പി. മാർട്ടിന്റെ നേതൃത്വത്തിൽ എത്തിയ പോലീസ്സേന അക്രമികളിൽ 23 പേരെ കസ്റ്റഡിയിലെടുത്തു. കല്ലേറിൽ പോലീസിനും പരിക്കേറ്റു. നൂറിലധികം പേർക്കെതിരെ വിവിധ വകുപ്പുകളിൽ ക്രിമിനൽ കേ ുകൾ എടുത്തു. അരമനയും, പള്ളിയും മിന്നലാക്രമണത്തിലൂടെ പിടിച്ചെടുക്കാമെന്ന വ്യാമോഹമാണ് അതോടെ പൊലിഞ്ഞത്.

നോക്കണേ, ഒരു സഭയുടെ പ്ര വർത്തന മാതൃക. പാതിരാത്രിയിൽ മദ്യപിച്ച് വടികളും ആയുധങ്ങളുമായി വൈദീകരും, മെത്രാൻ സ്ഥാനമോഹികളും ഒരു ബിഷപ്പിന്റെ വാസസ്ഥാനത്ത് ഇടിച്ചുകയറുക! പ്രപഞ്ചത്തെ മുഴുവനും നിരപ്പിലേയ്ക്കും ദൈവീക ബന്ധത്തിലേയ്ക്കും നയിക്കുന്ന വിമോചന സുവിശേഷം ലോകത്തിന് നൽകിയ തിരുപ്പിറവിയുടെ സഹസ്രാബ്ദ ജൂബിലി ലോകമെങ്ങും ആഘോഷിക്കാൻ ഒരുങ്ങുന്ന സമയത്ത് ലോകത്തിന്റെ ഒരു മൂലയിൽ ഒരു പൗരാ

*സുഭാഷിതങ്ങൾ*

# പൈത്യം

**ഫാ. ബോബി ജോസ്, കട്ടിക്കാട്**

അങ്ങേയ്ക്ക്
ഒന്നിന്റെയും കുറവില്ല,
ശകലം കിറുക്കിന്റെ ഒഴികെ....

**ലോ**കത്തെ മുഴുവൻ ചിരിപ്പിച്ച ഒരു മനുഷ്യന്റെ ജീവിതരേഖ നമ്മളെ വല്ലാതെ ഭയപ്പെടുത്തിയേക്കും-ചാർളി ചാപ്ലിന്റേതാണത്. സ്കിസോഫ്രിനിക്കായ അമ്മയുമായി തെരുവീഥിയിലൂടെ ഒരു ബാലൻ ഓടുകയാണ്. അവർക്കു പിന്നാലെ തെരുവു ബാലന്മാർ കൂക്കിവിളിച്ച് പിന്നാലെയുട്. "ഞാൻ മെലിഞ്ഞുണങ്ങിയ വേത്ര വളർച്ചയില്ലാത്ത കൊച്ചുപയ്യൻ-അമ്മയെ കൊടും തണുപ്പിലൂടെയും അഴുക്കുതെരുവിന്റെ വാടയിലൂടെയും പിടിച്ചുവലിച്ച് പുറകേവരുന്ന പിള്ളേരിൽ നിന്ന് രക്ഷിച്ച് ഞങ്ങളുടെ ദരിദ്രമായ വീട്ടിലേക്ക് കൊുപോകുന്ന രംഗങ്ങൾ പലപ്പോഴും എന്റെ മന ിൽ തെളിയാറു്....." അതുകൊൊക്കെയായിരിക്കണം വെള്ളിത്തിരയിൽ എല്ലാവരെയും ചിരിപ്പിച്ച മനുഷ്യൻ സ്വകാര്യജീവിത്തിൽ ചിരിക്കുവാനോ ഉറ്റവരെ ചിരിപ്പിക്കാനോ ആവാതെ കുഴഞ്ഞത്.

ആരാന്റമ്മയ്ക്ക് ഭ്രാന്തുപ ിടിച്ചാൽ കാണാൻ ചേലുന്നെ അർ ത്ഥത്തിൽ ഭാഷയിൽ ഒരു ചൊല്ലെങ്ങനെയുായി? മന ിന്റെ ഹാർമണി നഷ്ടപ്പെടുന്നതുപോലെ ഒരു ദുരന്തമില്ല. പൈത്യം ഒരു മുയൽക്കുരുന്നായി ഈ വഴിപ്പുല്ലുകൾക്കിടയിലായി പതിഞ്ഞിരിപ്പു്. സ്വാസ്ഥ്യത്തിനും, പൈത്യത്തിനുമിടയിലെ അതിർവര താമരനൂലുപോലെ ദുർബലമാണ്-എപ്പോൾ വേണമെങ്കിലും അത് മുറിഞ്ഞേക്കാം. ചിലപ്പോൾ തോന്നുന്നു കാരണമില്ലാത്ത ഈ വിഷാദങ്ങൾ ന ിന്നെ എവിടേയ്ക്കാ ണ് കൂട്ടിക്കൊുപോകുന്നത്. പെട്ടെന്നൊരു ദിവസം ജീവിതത്തിന്റെ ചിരിയെല്ലാം ആരോ കവർന്നെടുക്കുന്നു. അടുത്ത ചുവടെന്താണ്?

ഞാനൊരു പ്രാർത്ഥനായോഗം ശ്രദ്ധിക്കുകയാണ്. മർമ്മരം പോലത്തെ സ്തുതികളിൽ നിന്ന്, കഠിനമാ യ കരഘോഷങ്ങളിലേയ്ക്ക്, പ ിന്നെ നിയന്ത്രണമില്ലാത്ത ചുവടുകളിലേയ്ക്ക് സംഘം വഴുതിവഴുതിപ്പോകുമ്പോൾ ഭക്തിക്കും ഉന്മാദത്തിനുമിടയിലെ വര കാണെക്കാണെ മാഞ്ഞുപോകുന്നു. എനിക്ക് ഭയം തോന്നുന്നു.

ഇല്ല, ഭ്രാന്തിൽ ഒരു സൗന്ദര്യവുമില്ല! അപൂർവ്വം ചിലരിൽ അത് പ്രതിഭയുടെ സ്ഫുലിംഗത്തെ ഉണർത്തിയിട്ടുങ്കിൽ പോലും അത് മഹത്വവത്കരിക്കപ്പെട്ടുകൂടാ.

എന്നിട്ടും ഈ ഭൂമിയിലെ പൈത്യക്കാരുടെയൊ പിന്നിൽ ക്രിസ്തുവിന്റെ മുഖം തെളിയുന്നുവെന്ന തോന്നൽ കുട്ടിക്കാലം തൊട്ടേ എങ്ങനെയുായി? അതിൽ വലിയ ലോജിക്കൊന്നും ഉായിട്ടല്ല. ചീകിയൊതുക്കാത്ത മുടിയിഴകളും ദീക്ഷയുമൊ ക്കെ ചേർന്ന് അങ്ങനെയൊരു സദൃശ്യത രൂപപ്പെടുത്തിയതായിരിക്കാം. പിന്നീട് മന ിലായി അതല്ല, അവരുടെ മിഴികളാണ് അതിന് ന ിമിത്തമെന്ന്. നിർമമതയുടെ വേദം പഠിപ്പിക്കുന്ന കണ്ണുകൾ! ആദ്യം മിഴികളിലെ ആസക്തിയുടെ കനൽ കെടും. അ ടുത്ത ചുവടിൽ ക്രിസ്തു നിൽപ്പു്. ആ വിരക്തിയുടെ മീതെ കരുണയുടെ അഞ്ജനമെഴുതാൻ. നമ്മളെക്കാൾ ഭ്രാന്തർ ക്രിസ്തുവിനോട് ചേർ ന്നു നിൽക്കുന്നുാകും.

ഭ്രാന്തൻ എന്ന വിശേഷണം ക്രിസ്തുവിന്റെ കാലം അവിടുത്തേ യ്ക്ക് ചാർത്തിക്കൊടുക്കുന്നു്. അങ്ങനെ പറഞ്ഞ് അവിടുത്തെ പ ിടിച്ചുകൊുപോകുവാൻ അവന്റെ സഹോദരന്മാർ ഒരിക്കലെങ്കിലും ഒരു ഗൂഢാലോചന നടത്തിയതായി സുവിശേഷം രേഖപ്പെടുത്തുന്നു്. എന്തുകൊങ്ങനെ? ക്രിസ്തുവിനെ ചി ത്തരോഗാശുപത്രിയുടെ ഇടനാഴിയിൽ നമുക്കു സങ്കല്പിക്കാനാവുമോ? കാല്പനികതയുടെ സ്പർശമുള്ള ഒരാരോപണമായിരിക്കണമത്. വേറിട്ടു ന ടക്കുന്ന, മാറിച്ചിന്തിക്കുന്ന എന്നർത്ഥത്തിൽ. അത്തരം ഭേദപ്പെട്ട ഒരു വിശേഷണത്തിന് നമ്മൾ കുമുട്ടുന്ന താളംതെറ്റിയ മന ുകൾക്ക് ഏതായാലും ഭാഗ്യമില്ല!

നാലുതരം മനുഷ്യർക്ക് ഭ്രാന്തിന്റെ ഭൂമികയിൽ നിത്യകൂടാരം ഉായിരിക്കുമെന്ന് യവനക്കാർ കരുതിയിരുന്നു. അവർക്ക് ഓരോരുത്തർക്കും ക്രിസ്തുവുമായി എന്തോ ചെയ്യാനുുതാനും. ആദ്യത്തേത് കവിയാണ്. നമുക്കു പരിചയമില്ലാത്ത മേഖലയിലൂടെയാണ് അവരുടെ സഞ്ചാരം. അവൻ സംസാരിക്കുന്നതുപോലെ ആരും സംസാരിച്ചിരുന്നില്ല എന്ന ആൾക്കൂട്ടത്തിന്റെ വിസ്മയം അവന്റെ മൊഴികളിലെ ധ്യാനത്തെ മാത്രമല്ല, ലാവണ്യത്തെയും സൂചിപ്പിക്കുന്നു. വാക്കു മാത്രമല്ല ക്രിസ്തുവിന്റെ ചലനങ്ങൾ പോലും കവിതയുള്ളതായിരുന്നു. ദൈവത്തിന്റെ കവിതയായിരുന്നു ക്രിസ്തു. സ്വന്തം സ്വാതന്ത്ര്യത്തിന്റെ വിനിയോഗമാണ് കവിത എന്ന് ഒക്ടോവിയോ പാ് രേഖപ്പെടുത്തിയിട്ടു് (Poetry is no more than the exercise of human freedom). നെഞ്ചിനുള്ളിലെ സ്വാതന്ത്ര്യത്തിന്റെ നീലാകാശത്തിൽ വാക്കിന്റെ ചെറുകിളികൾ പാറിപ്പറന്നു. മറ്റൊരു മിഴികളിലൂടെ ഭൂമിയെ കാണാൻ അവൻ നമ്മളെ പഠിപ്പിച്ചു. മീൻ പിടിക്കുന്നവരോട് മനുഷ്യരെ പിടിക്കുന്നവരാക്കാം എന്നുപറയുന്നതിനേക്കാൾ കവിതയെന്തു്? കവികൾ പുമുായിരുന്നു. എന്നാലവർ അത് പാടിയിരുന്നത് വിദ്വൽ

സദ ുകളിലായിരുന്നു. ഒരു കവി നമുക്കിടയിലുാകുമ്പോൾ അഷ്ട ദിക്കുകളും താളബദ്ധമാകുന്നു. കവി കവികൾക്ക് ജന്മം കൊടുക്കുന്നു. മനുഷ്യർ ജീവിക്കുകയും സ്നേഹിക്കുകയും പോരാടുകയും മരിക്കുകയും ചെയ്യുന്ന കാലത്തോളം അ വന്റെ കവിത മുഴങ്ങിക്കൊിരിക്കുന്നു. ഓരോ കാലങ്ങളിൽ നവമായ വ്യാഖ്യാനങ്ങൾക്ക് അത് വിധേയപ്പെടും. കല ഒരു ആഡംബരമാകുന്ന ഇടങ്ങളിൽ നിന്ന് അവൻ തെന്നി മാറി. ചിത്രപ്പണികളുള്ള മാർബിൾ തൂണുകൾ കാട്ടി അവനെ അത്ഭുതപ്പെടുത്താൻ ശ്രമിച്ചവരോട് എല്ലാ ആഡംബരങ്ങളുടെയും ഉള്ള് പൊള്ളയായതിനാൽ ഇത് കല്ലിന്മേൽ കല്ലില്ലാതെ നിലംപതിക്കുമെന്ന് മുന്നേ പറഞ്ഞ് സങ്കടപ്പെട്ടു.

ചെറിയ കാര്യങ്ങളിൽ സൗന്ദര്യം കത്തെുന്നതാണ് കവിത. അതുകൊാണ് ഈ വയൽപ്പൂവിന് സോളമനേക്കാൾ സൗന്ദര്യമുന്നെ് പറഞ്ഞത്. എത്രപേർ ഈ വയൽവരമ്പിലൂടെ കടന്നുപോയിട്ടുാവും. അവരിലാരും ഈ പൂവിനെ കില്ലല്ലോ. ഒരു പാതിരാവിൽ അ ീസിയുടെ ദേവാലയമണികൾ മുഴങ്ങുന്നു്. നഗരം ഞെട്ടിയുണർന്നു. പരിഭ്രാന്തരായി പള്ളിയങ്കണത്തിൽ ഓടിയെത്തിയപ്പോൾ മണിമാളികയുടെ മുകളിൽ ആ ഭ്രാന്തൻ ചെറുപ്പക്കാരൻ. അയാൾ വിളിച്ചുപറഞ്ഞു: നോക്കൂ– പൂർണ്ണചന്ദ്രൻ! അത് കാണാതെ കൂർക്കം വലിച്ചുറങ്ങുന്ന ദുഷ്ടന്മാർ! അല്ല, അതിരിക്കട്ടെ ചന്ദ്രനെ ഒന്നു കിട്ട് എത്ര കാലമായി. എറണാകുളത്ത് മൂഴിക്കുളംശാല എന്ന ഒരു സുഹൃദ് സംഘമു്. പ്രേമൻ എന്ന സുഹൃത്താണ് സംഘാടകൻ. ചില പൗർണ്ണമി ദിനങ്ങളിൽ മാനം നോക്കാൻ തന്റെ സുഹൃത്തുക്കളെ ചങ്ങമ്പുഴ പാർക്കിൽ വിളിച്ചുകൂട്ടുന്നു. ആദ്യമൊരു തമാശയാണ് തോന്നിയത്. പിന്നെ ഓർത്തു ഒന്നുമാനം നോക്കിയിട്ടെത്ര നാളായി. ആട് ഒരിക്കൽ മാത്രമേ ആകാശം കാണുന്നുള്ളൂ– കശാപ്പുശാലയിൽ വച്ച് എന്നൊരു ചൊല്ല് അറബിക്കു്. മിഴിയുയർ ത്തി നോക്കുവാൻ ബൈബിളിൽ ഉടനീളം ക്രിസ്തു പറയുന്നതിന്റെ ഗുട്ടൻസ് അങ്ങനെയാണ് മന ിലായത്! അപ്പോൾ പറഞ്ഞുവരുന്നത്–കവിക്ക് ലേശം ഭ്രാന്തുന്നെ്.

പിന്നെ ഭ്രാന്തിന്റെ പൈതൃകം അവകാശമായി കിട്ടുന്ന മറ്റൊരാൾ പ്രവാചകനാണ്. അയാളെയും നമുക്ക് പിടുത്തം കിട്ടുന്നില്ല. കാരണം അയാൾ നമ്മൾക്ക് പരിചയമില്ലാത്ത ഇടത്തിലാണ് വസിക്കുന്നത്–ഭാവിയിൽ. നമ്മൾ ഇന്നലെകളിലും ഇന്നുമായി കുരുങ്ങിപ്പോകുന്നു. ഭൂതത്തെയോർത്ത് സങ്കടപ്പെട്ടു, വർത്തമാനകാലത്തിൽ ആകുലപ്പെട്ടും. അതുകൊുതന്നെ അയാൾ നമുക്ക് നിരക്കുന്നില്ല. പക്ഷേ, ഒന്നറിയണം അയാളുടെ വാക്കിലും ഒരിക്കലും പഴമ മണക്കുന്നില്ല. കാരണം അത് നാള ത്തെ കാര്യങ്ങളാണ്. നമ്മളോടൊപ്പം അയാൾ ജീവിതത്തിന്റെ കല്ലുരുട്ടിക്കയറ്റുന്നു. എന്നിട്ട് നമ്മളെ അത്ഭുതപ്പെടുത്തി അത് മലമുകളിൽ നിന്ന് താഴോട്ട് ഉരുട്ടി പൊട്ടിച്ചിരിക്കുന്നു. അത് നാളെ നമ്മളെ കാത്തിരിക്കുന്ന ദുരന്തമാണ്. ഉരുട്ടിക്കയറ്റിയതൊക്കെ നമ്മളറിയാതെ കൈവിട്ടുപോകുമ്പോൾ അയാൾ ഇന്നേ അതിന്റെ 'മോക്ക്' നടത്തുന്നു. ക്രിസ്തുവിന്റെ കാലത്തിലെന്നപോലെ ഓരോരുത്തരിലും ഒരു പ്രവാചകനും പുരോഹിതനും തമ്മിൽ സംഘർഷത്തിലാണ്. പുരോഹിതൻ വർത്തമാനത്തിലും പ്രവാചകൻ നാളെയിലും പാർക്കുന്നു. വെള്ളം ചേർക്കാത്ത സത്യമാണ് അയാൾക്ക് പകർന്നു നൽകാനുള്ളത്. അത് പാനം ചെയ്യുന്നത് അപകടകരമാണ്. നടപടിയുടെ പുസ്തകത്തിൽ പൗലോസിന് ഭ്രാന്താണെന്നുള്ള ആരോപണത്തിന് ഞാൻ സത്യം പറയു ന്നു എന്ന അയാളുടെ മറുപടി സത്യം ഭ്രാന്തായി അനുഭവപ്പെടുമോ?

ഭൂമി പ്രവാചകന്മാരെ കൊല്ലുന്ന ജറുസലേമാണ്. രക്ഷപെടണമെങ്കിൽ നിങ്ങൾ ഒരേ ഭാഷ സംസാരിക്കണം. ആ പഴയ സൂഫി കഥ ഓർമ്മ വരുന്നില്ലേ. ഒരു മഴയ്ക്ക്ശേഷം ഗ്രാമത്തിലെ തടാകത്തിൽ നിന്ന് വെള്ളം കുടിച്ചവർക്കൊക്കെ ഭ്രാന്തുപിടിച്ചു. അപകടം മണത്തതുകൊ് പ്രവാചകൻ മാത്രം അതിൽ നിന്ന് മാറി നടന്നു. അങ്ങനെ വന്നപ്പോൾ അയാൾ പറഞ്ഞതൊക്കെ ഭ്രാന്തായി. അയാൾ ഒറ്റപ്പെട്ടു. മറ്റു വഴികൾ ഇല്ലാത്തതുകൊ് അയാളും തടാകത്തിലിറങ്ങി വെള്ളം കുടിച്ച് നോർമലായി.

ഒരേപോലെ സംസാരിക്കുകയാണ് എളുപ്പം. മൂന്നാമത്തെ കൂട്ടർ മിസ്റ്റിക്കുകളാണ്. ഗാഢമായ ഈശ്വരാനുഭവം കൊ് അവർ ഉന്മാദികളാകുന്നു. അവരുടെ യുക്തി അവർക്കുമാത്രം മന ിലാകുന്നതാണ്. തന്റെ കുടിലിലെ ഇരുട്ടിലിരിക്കുന്ന റസിയയെ ഹ ൻ വിളിച്ചു: പുറത്തു വരൂ, ചൈതന്യവത്തായ ഈ സൂര്യവെളിച്ചത്തിൽ സ്നാനം ചെയ്യൂ. റസി യ പറഞ്ഞു: മിഴിയടച്ചാൽ അറിയുന്ന സൂര്യവെളിച്ചത്തേക്കാൾ വലിയ വെളിച്ചം പുറത്തില്ല. എന്നെ വെറുതെ വിടുക.

തെരുവീഥിയിൽ നിന്ന് അ ീസിയിലെ ഫ്രാൻസിസ് നിലവിളിക്കുകയാണ്. കേൾക്കേ പുതിയഭ്രാന്ത്, ഒരു കല്ലെറിയുന്ന ആൾക്ക് ഒരു സമ്മാനം. രു കല്ലെറിയുന്നവർക്ക് രു സമ്മാനം. പിന്നെ ചീറിവരുന്ന കല്ല് മഴ. അതിനുമദ്ധ്യേ നിണമാർന്ന് അയാൾ.

ജനക്കൂട്ടം പലപ്പോഴും ക്രിസ്തുവിനെ കല്ലെറിയാൻ ആഞ്ഞുവെന്ന് സുവിശേഷം പറഞ്ഞുതരും. ഞാനും ദൈവവും ഒന്നാണെന്ന് ഒരാൾ പറയുമ്പോൾ എങ്ങനെ കല്ലെറിയാതിരിക്കും. എല്ലാം ഏകമായി അനുഭവപ്പെടുന്നതാണ് മിസ്റ്റിസിസം ജോൺ ഓഫ് ദ ക്രോസിനെ കുടു ുമുറിയിൽ തളയ്ക്കാൻ കാരണമായതും മിസ്റ്റിസിസത്തിന്റെ അസ്കിത കൊാണെന്ന് ഓർമ്മിക്കണം.

ജീവാത്മാവും പരമാത്മാവും ഒന്ന് തന്നെ എന്ന് കരുതുമ്പോൾ അതിൽ ശകലം ഭ്രാന്തില്ലേ. ആ ഭ്രാന്തി

ശിഖ

# സമയം

സഖേർ

"ആകയാൽ നാളും
നാഴികയും നിങ്ങൾ
അറിയായ്ക കൊ്
ഉണർന്നിരിപ്പിൻ"
(വി. മത്തായി 25:13).

ജീവിതത്തിൽ ഏറ്റവും സങ്കടം വരിക നഷ്ടപ്പെടുത്തിയ നിമിഷങ്ങളെ ഓർമ്മിക്കുമ്പോഴാണ്. ഓരോ നിമിഷവും ഓരോ അവസരങ്ങൾ കൂടിയാണെന്ന് ഓർക്കുമ്പോൾ ഉള്ളിൽ സങ്കടം പെരുകുന്നു. ഇത്ര നി ാരമായിട്ട് ചെലവഴിക്കാനുള്ള ത്ര ദൈർഘ്യം ആയു ിനുാേ എന്നാണ് ഭാരപ്പെടേത്. അത്രത്തോളം ധനികരാണോ നാം സമയത്തിന്റെ കാര്യത്തിൽ! അതറിയില്ല, എന്നാൽ ഒരു കാര്യത്തിൽ നാം തുല്യരാണ്. നമ്മുടെയെല്ലാം ദിവസങ്ങൾക്ക് ഇരുപത്തിനാല് മണിക്കൂർ തന്നെയാണ്. വളരെ പ്രശസ്തമായ ഒരു ഉദ്ധരണിയുല്ലോ. "സമയം വാങ്ങാനാവില്ല; കടം കൊടുക്കാനാവില്ല; ഇരട്ടിപ്പിക്കാനും പറ്റില്ല; കൂട്ടിവയ്ക്കാൻ സാധ്യമല്ല; ഉാക്കുന്നതിനും കഴിയില്ല; അത് ചെലവഴിക്കാൻ മാത്രമേ ആവൂ.!" സത്യത്തിൽ നാമെല്ലാവരും ധൂർത്ത പുത്രന്മാരാണ്. സമയം മുടിച്ചു കളയുന്നതിൽ ഒരു വിമുഖതയും നമുക്കില്ല.

താലന്ത് നൽകുന്നവനെ ഓർമ്മിക്കാം. എല്ലാവർക്കും പ്രാപ്തിക്കനുസരിച്ച് നൽകുന്നു്. ഓരോരുവനും ലഭിച്ചതും വിനിയോഗിച്ചതും നമുക്ക് അറിവ്. യജമാനന്റെ സ്നേഹത്തിലേയ്ക്ക് പ്രവേശിക്കുന്നതിന് ലഭിച്ചത് വർദ്ധിപ്പിച്ചേ മതിയാവൂ! മറക്കരുത്, ഈ വാചകം, "ജീവിതത്തിന്റെ നീളം കൂട്ടാൻ നമുക്കാവില്ല എന്നേയുള്ളൂ; ആഴം കൂട്ടാൻ നമുക്കാവും." ആലസ്യത്തിൽ നിന്ന് ഉണരുക. കുറെക്കൂടി തീഷ്ണമാവണം നമ്മുടെ സ്വപ്നങ്ങൾ! കുറേക്കൂടി സുന്ദരമാവണം നമ്മുടെ ലോകം. ഉണർന്നത് എപ്പോൾ എന്നതിനേക്കാളും ഉണർവ്വുായി എന്നതിലാണ് കാര്യം.

സുവിശേഷം ശ്രദ്ധിക്കുക. സ്വർ ഗ്ഗരാജ്യത്തെ മുന്തിരിത്തോട്ടത്തോട് ഉപമിച്ചാണ് മശിഹാ കഥ പറഞ്ഞുതുടങ്ങുന്നത്. മൂന്നാംമണി നേരത്തും ആറാംമണി നേരത്തും ഒമ്പതാംമണി നേരത്തും പതിനൊന്നാംമണി നേര ത്തും വീട്ടുടയവൻ ചന്തസ്ഥലത്ത് എത്തുന്നു്. അവിടെ മെനക്കെട്ടു നിൽക്കുന്നവരെ ഓരോ സമയത്തും വേലയ്ക്ക് ക്ഷണിക്കുന്നു. സന്ധ്യാനേരം എല്ലാവർക്കും ഓരോ വെള്ളിക്കാശ് നൽകി. ആദ്യം വന്നവരാകട്ടെ തങ്ങൾക്ക് അധികം കിട്ടുമെന്ന് വിചാരിക്കുന്നു്. എന്നാൽ ലഭിച്ചില്ല. അവർ പരാതിപ്പെടുന്നു്. "ഈ പി മ്പന്മാർ ഒരുമണി നേരം മാത്രം വേല ചെയ്തിട്ടും നീ അവരെ പകലത്തെ ഭാരവും വെയിലും

നെ വെളിപ്പെടുത്താൻ പഴയനിയമം രൂപപ്പെടുത്തിയ കവിതയാണ് ഉത്തമഗീതം. സ്ത്രീയും പുരുഷനും ഒന്നാകുന്നതുപോലെ ആ ചൈതന്യവും നീയും ഒരു ലയമാകുന്നു. എന്നിട്ടും ആ പ്രതീകത്തിന് അപര്യാപ്തതയു്. ഒരുമിച്ചായിരിക്കുമ്പോഴും അവർ രുശരീരം തന്നെ. അതുകൊാ ണ് ക്രിസ്തുവിന് അതിനേക്കാൾ ഭേദപ്പെട്ട ഒരു അടയാളം തിരയേിവന്നത്. അതുകത്തുെകയും ചെയ്തു-വിരുന്ന്. വിരുന്നിൽ ഭക്ഷിക്കുന്നയാ ളും ഭക്ഷണവും ഒന്നാകുന്നു. ഓരോ വിരുന്നിലും അവനിങ്ങനെ പ്രാർത്ഥിക്കുന്നു: പിതാവേ, ഞാനും നീയും ഒന്നായിരിക്കുന്നതുപോലെ അവരും നമ്മളും ഒന്നായിരിക്കണമേ. ഏകത്തിനായുള്ള ക്രിസ്തുവിന്റെ പ്രാർത്ഥനയുടെ പൂർത്തീകരണമാണ് വിരുന്ന്.

ഭ്രാന്തിന്റെ വരമ്പത്ത് വഴുതിപ്പോകാവുന്ന നാലാമത്തെ കൂട്ടർ പ്രണയികളാണ്. അവരുടെ രസതന്ത്രം ഒരു ലാബിലും കുപിടിച്ചിട്ടില്ല. എത്രയോ പേരെ കുമുട്ടുന്നു. എന്നിട്ടും ഒരാളോടു മാത്രം തോന്നുന്ന പ്രത്യേകതയ്ക്ക് എന്ത് യുക്തി? സ് നേഹം ഒരിക്കലേ സംഭവിക്കുന്നുള്ളൂ. ആസക്തി ആവർത്തിക്കപ്പെട്ടേക്കും എന്നൊരു ഇംഗ്ലീഷ് പാട്ടുല്ലോ. (Love can touch you only once, just for evevr). സ്നേഹത്തിനുവേി മനുഷ്യർ നൽകുന്ന വിലയാണ് യഥാർത്ഥ ഭ്രാന്ത്. ഇഷ്ടപ്പെട്ട പെൺകുട്ടിക്കുവേി കിരീടം വേന്നെുവച്ച എഡ്വേർഡ് രാജാവിന്റെ ഭൂമിയാണിത്. ഒരു സി-ക്ലാ ് കടപോലും വേന്നെു വെയ്ക്കാൻ എനിക്കാവില്ല. തന്റെ ഏകജാതനെ നൽകുമാറ് ദൈവം ഭൂമിയെ അത്രമാത്രം സ്നേഹിച്ചു എന്ന വചനം പതുക്കെപ്പതുക്കെ മന ിൽ മന്ത്രിച്ചാൽ അത് ഒരു പ്രണയസങ്കീർത്തനം പോലെ അനുഭവപ്പെട്ടേക്കും. ഞാൻ കാണുന്ന ആകാശം തന്നെ അവളും കാണുന്നു്, ഞാൻ കുടിക്കുന്ന പുഴയിൽ നിന്ന് അവളും കുടിക്കുന്നു്, എന്നൊക്കെ ഗസൽ പാടുന്നവരുടെ തലയിൽ നിലാവാണ്-ലുണാറ്റിക് എന്നാണ് ഭ്രാന്തിന്റെ പര്യായം, തലയിൽ നിലാവെളിച്ചം.

ക്രിസ്തു ഇതൊക്കെയായിരുന്നു- കവി, പ്രവാചകൻ, മിസ്റ്റിക്, പ്രണയി-പിന്നെ എങ്ങനെ പൈത്യക്കാരനാകാതിരിക്കും. ദൈവം ഭ്രാന്താണ്- ഗോഡ് ഈസ് മാഡ്ന് എന്ന ജറാർഡ് ബ ീറെയുടെ ലേഖനം വായിച്ചു. വിഭവസമൃദ്ധമായ വിരുന്നൊരുക്കിയിട്ട് കണ്ണിൽ കവരെയൊക്കെ മേശയിലേയ്ക്ക് കൂട്ടിക്കൊുവരാൻ ആവശ്യപ്പെടുന്ന ഒരാൾക്ക് ഭ്രാന്തല്ലാതെ മറ്റെന്ത് എന്നതാണ് ലേഖനത്തിന്റെ ന്യൂക്ലിയസ്. അത്■

സഹിച്ച ഞങ്ങളോട് സമമാക്കിയല്ലോ.'' എന്നു പറഞ്ഞു. തനിക്കുള്ളതുകൊ് മന ുപോലെ ചെയ്യുന്നത് ന്യായമല്ലോ എന്ന് ചോദിച്ചാണ് വീട്ടുടയവൻ മറുപടി നൽകുന്നത്.

സുദീർഘമായ ആരാധനകളുള്ള സുറിയാനിസഭയിലെ വിശ്വാസികൾക്ക് ഏറെ ഇഷ്ടമുള്ള വേദഭാഗമാണ് ഇത്. ഏതു നേരത്തെത്തിയാലും തെറ്റില്ല! കിട്ടാനുള്ളതിൽ കുറവൊന്നും വരില്ലത്രേ! അതുകൊാവും ഒരു വീട്ടിൽ നിന്നുതന്നെയുള്ളവർ പലസമയത്ത് പള്ളിയിൽ വരിക. എന്നാൽ വിശുദ്ധ ജ്ഞാനമുള്ള പിതാക്കന്മാർ പറഞ്ഞുതരുന്ന ഒരു യാഥാർത്ഥ്യത്തെ കേൾക്കുക. ദൈവരാജ്യത്തിലെ അദ്ധ്വാനത്തിനായി ആദ്യം വന്നത് ആദാമും ഹവ്വയുമാണ്. പിന്നീട് വരുന്നത് പ്രവാചകന്മാരാണ്. അതിനു പിന്നാലെ വരുന്നവർ ശ്ലീഹന്മാരാണ്. അവസാന മണിക്കൂറിൽ വേലയ്ക്കെത്തിയത് കുരിശിലേറ്റപ്പെട്ട കള്ളനാണ്. എല്ലാവർക്കും ഒരേ കൂലിയാണ് യജമാനൻ നൽ കുക. പറുദീസാ! നമ്മുടെ അദ്ധ്വാനങ്ങൾ ആർക്കുവേിയെന്നും എന്തിനുവേിയാവണമെന്നും വീും ചിന്തിക്കണം.

സകല പെരുന്നാളുകളിലും നേരങ്ങളിലും കാലങ്ങളിലും ആയുഷ്ക്കാലമൊക്കെയും സ്തുതിയും ബഹുമാനവും ആരാധനയും അണയ്ക്കുവാൻ നാം കടപ്പെട്ടിട്ട്. അനുതപിക്കുന്നതിന് വിളിയു്. നല്ല അവസാനത്തിന് യോഗ്യരാക്കണമേ എന്ന പ്രാർത്ഥനയു്. എന്നിട്ടും ഈ നിമിഷം ദൈവത്തിന് യോഗ്യമായവിധം സൂക്ഷിക്കാൻ എനിക്കാവാത്തതെന്തേ? ''ക്രിസ്തുവിനെ സേവിക്കുന്നവൻ ദൈവത്തെ പ്രസാദിപ്പിക്കുന്നവനും മനുഷ്യർക്ക് കൊള്ളാവുന്നവനും തന്നെ'' (റോമർ 14:18). എന്ന വചനം എത്ര സൗകര്യപൂർവ്വമാണ് ഞാൻ മറക്കുക. 'Present is the present of God' എന്നൊക്കെയാണ് കേട്ടിട്ടുള്ളത്. ദൈവത്തിന്റെ വലിയ സമ്മാനത്തോടാണ് നാം ഉപേക്ഷ കാട്ടുന്നത്. സദൃശ്യവാക്യങ്ങൾ ഇവി ടെ ചേർത്തുവയ്ക്കേത് അനിവാര്യമാണ്. ''മടിയാ, ഉറുമ്പിന്റെ അടുക്കൽ ചെല്ലുക; അതിന്റെ വഴികളെ നോക്കി ബുദ്ധി പഠിക്കുക. അതിന് നായകനും മേൽവിചാരകനും അധിപതിയും ഇല്ലാതിരുന്നിട്ടും വേനൽ ക്കാലത്ത് തന്റെ ആഹാരം ഒരുക്കുന്നു. കൊയത്തുകാലത്ത് തന്റെ തീൻ ശേഖരിക്കുന്നു. മടിയാ, നീ എത്രനേരം കിടന്നുറങ്ങും? എപ്പോൾ ഉറക്കത്തിൽ നിന്ന് എഴുന്നേൽക്കും? കുറേക്കൂടി ഉറക്കം: കുറേക്കൂടി നിദ്ര: കുറേക്കൂടി കൈകെട്ടി കിടക്കുക; അങ്ങനെ നിന്റെ ദാരിദ്ര്യം വഴിപോക്കനെപ്പോലെയും നിന്റെ ബുദ്ധിമുട്ട് ആയുധപാണിയെ പോലെയും വരും'' (6:6-11).

ഇനിയൊരു കഥ കേൾക്കാം. ഒരു ലുബ്ധന്റെ കഥയാണ്. ധാരാളം പണം അയാൾ കൂട്ടിവെച്ചിട്ട്. ഒരു ദിവസം മരണത്തിന്റെ ദൂതൻ അയാളുടെ മുമ്പിൽ പ്രത്യക്ഷനായി. അയാളുടെ ജീവനെടുക്കാനുള്ള വരവാണ്. ആദ്യം ഭയപ്പെട്ടെങ്കിലും ധൈര്യം സംഭരിച്ച് അയാൾ ദൂതനോട് വാദിച്ചു തുടങ്ങി. ജീവനെടുക്കരുതേ എന്ന് കെഞ്ചിയെങ്കിലും ദൂതൻ പിന്മാറുന്നില്ല. ഒരുവിൽ അയാൾ പറഞ്ഞു. ഒരു മൂന്ന് ദിവസം കൂടി തരിക. എന്നാൽ എന്റെ സ്വത്തിന്റെ പാതി നിങ്ങൾക്ക് തരാം; വാഗ്ദാനം നിരാകരിക്കപ്പെട്ടു. ദൂതൻ ലുബ്ധന്റെ കയ്യിൽ പിടിച്ചു. അയാൾ വീും കേണു. ഒരു ദിനമെങ്കിലും ഇവിടെ ജീവിക്കുവാൻ എന്നെ അനുവദിച്ചാൽ എന്റെ സ്വത്തു മുഴുവൻ ഞാൻ നൽകാം! ദൂതൻ അതിനും ചെവി കൊടുത്തില്ല. അവസാനമായി അയാൾ കണ്ണുനീരോടെ നിലവിളിച്ചു:- 'ഒരു കുറിപ്പെഴുതാനുള്ള നേരമെങ്കിലും എനിക്ക് നൽകുക.' ഇത്തവണ ദൂതന്റെ മന ലിഞ്ഞു. ഒരു വരി എഴുതാൻ അനുവദിച്ചു. അയാൾ സ്വന്തം ചോരകൊഴുതി:- ''സ്നേഹിതരേ, ജീവിത നിമിഷങ്ങൾ നഷ്ടമാക്കരുത്. വലിയ സമ്പാദ്യം കൊടുത്തും എനിക്കൊരിറ്റു സമയം വാങ്ങാനായില്ല എന്ന് അറിയുക!''

നമ്മുടെ 'നേരം പോക്കു'കളും 'നേരം കൊല്ലലും' ഏറെ ശ്രദ്ധിക്കേവയാണെന്ന് ഓർക്കുക. മുറ്റത്തെ നാലുമണിപ്പൂവിനെ നോക്കുക. എത്ര ചെറുതാണ് അതിന്റെ ആയു്! എന്നിട്ടും വിരിഞ്ഞിടത്തോളം നേരം നമ്മുടെ മുറ്റത്തിന്റെ സൗന്ദര്യം അത് വർദ്ധിപ്പിക്കുന്നുല്ലോ! ഇത്തിരിപ്പോന്ന പൂവ് നമ്മെ വെല്ലുവിളിക്കുന്നു്. നമ്മളൊക്കെ എത്രയോ നാളുകളായിട്ട് വിരിഞ്ഞു നടക്കുന്നു; എന്നിട്ടും എന്റെ സമൂഹത്തിന്റെയും വിശ്വാസത്തിന്റെയും ദേശത്തിന്റെയുമൊക്കെ സൗന്ദര്യം ലേശംകൂടെ വർ ദ്ധിപ്പിക്കാൻ നമുക്ക് ആയിട്ടുോ? അതോ ഉള്ള സൗന്ദര്യത്തെ തല്ലിക്കെടുത്തുകയാണോ ചെയ്യുക! സമയം തീർന്നിട്ടില്ല. പതിനൊന്നാം മണി നേരത്തും അനുതാപത്തിന് അവസരമു്. താലന്ത് വർദ്ധിപ്പിക്കുക തന്നെ ചെയ്യാനുള്ളതാണ്. ജീവിതത്തിന് ആഴമുാവണമെന്ന ഉത്തമ താല്പര്യത്തോടെ ഈ നിമിഷത്തെ വരവേല്ക്കുക.


## ഡയോസിഷ ബൂററ് സെ ല്ലാ

(വൈദീകസംഘത്തിന്റെയും വനിതാ സമാജത്തിന്റെയും സംയുക്ത സംരംഭം)

**അരമന കോംപ്ലെക്സ്, മൂവാറ്റുപുഴ**

സഭാ സംബന്ധമായ എല്ലാ പ്രസിദ്ധീകരണങ്ങളും,
ആത്മീയ വേദശാസ്ത്ര ഗ്രന്ഥങ്ങളും,
ആരാധനയ്ക്കാവശ്യമായ മറ്റ് സാധനങ്ങളും ഇവിടെ ലഭ്യമാണ്.

**വേദപുസ്തക പഠനം**: വി. മത്തായി 20:1-16

# കഴിവ് പോലെ അദ്ധ്വാനം: ആവശ്യം പോലെ വേതനം

ഡോ. തോമസ് അത്താനാസ്യോസ്

ഒരു മുന്തിരിത്തോട്ടത്തിന്റെ ഉടമസ്ഥൻ തന്റെ തോട്ടത്തിലെ ജോലിക്കായി തൊഴിലാളികളെ നിയമിക്കുകയും സന്ധ്യാസമയത്ത് കൂലി നൽ കുകയും ചെയ്യുന്നതാണ് ഈ വേദഭാഗത്തെ പ്രമേയം. യേശു തന്റെ ദൈവരാജ്യ സങ്കല്പം വിശദീകരിക്കുവാനായിട്ടാണ് ഈ കഥ പറയുന്നത്. ഈ ലോകത്ത് ദൈവരാജ്യം സ്ഥാപിക്കപ്പെടുമ്പോൾ അനിവാര്യമായി ഇവിടെ സംഭവിക്കേ സാമ്പത്തിക ക്രമീകരണത്തെക്കുറിച്ചാണ് ഇവിടെ സൂചിപ്പിക്കുന്നത്. ആധുനിക സാഹചര്യത്തിൽ സാമ്പത്തിക കാര്യങ്ങൾ എങ്ങനെ നീതിപൂർവ്വകമാക്കുവാൻ കഴിയും എന്നതു സംബന്ധിച്ച് മൗലീകമായ പല ഉൾക്കാഴ്ചകളും ഈ ഉപമയിൽ കത്തൊനാവും.

ഉപമയുടെ ചുരുക്കമിതാണ്. ഒരു മുന്തിരിത്തോപ്പിന്റെ ഉടമ തോട്ടത്തിലേയ്ക്ക് പണിക്കാരെ വിളിക്കുന്നതിനായി അങ്ങാടിയിൽ എത്തുന്നു. പ്ര ഭാതത്തിൽ തന്നെ ഏതാനും‌പേരെ കത്തെി ഒരു ദിനോറോ (വെള്ളിനാണയം) ദിവസക്കൂലി പറഞ്ഞൊ ത്ത് അവരെ തോട്ടത്തിലേയ്ക്കയച്ചു. മൂന്ന് മണി (9 a.m.)ക്കും ആറ് മണി (12 noon) ക്കും കുറെ പേർ തൊഴിൽ കിട്ടാതെ നിൽക്കുന്നതായി ക് ന്യായമായ കൂലി വാഗ്ദാനം ചെയ്ത് അവരെയും തോട്ടത്തിലേയ്ക്കയച്ചു. ഒമ്പതാം മണി (3 p.m.) ക്കും ചിലർ പണിയില്ലാതെ നിൽക്കുന്നതു ക് അവരെയും തോട്ടത്തിലേയ്ക്ക് ജോലി ചെയ്യാനയച്ചു. ചിലരെ പതിനൊന്നാം മണി (5 p.m.) നേരത്തും പണി കിട്ടാത്തവരായി കത്തെി തോട്ടത്തിലേയ്ക്ക് പറഞ്ഞയച്ചു. സന്ധ്യയായപ്പോൾ, അവസാനം വന്നവർ മുതൽ പ്രഭാതത്തിൽ എത്തിയവർ വരെ എല്ലാവർക്കും ഓരോ ദിനേറോ വീതം കൂലി നൽകി. ഇ തിൽ ആദ്യം എത്തിയവർ പ്രതിഷേധിച്ചു.

ഈ ഉപമയിൽ വിഭാവനം ചെ യ്യുന്ന വേതനസംവിധാനം പ്രത്യേക ശ്രദ്ധ അർഹിക്കുന്നു. ഇവിടെ തൊഴിലാളികളുടെ അദ്ധ്വാനത്തിന്റെ സമയ ദൈർഘ്യം, ഭാരം, അളവ്, ഇവയൊ ന്നും തോട്ടം ഉടമ കണക്കിലെടുക്കുന്നില്ല. പകലന്തിയോളം പണിയെടുത്തവരും പകലത്തെ ചൂടും ക്ലേശവും സഹിച്ചവരും കൂടുതൽ കൂലിക്ക് അർഹരാകുന്നില്ല.

എല്ലാവർക്കും ലഭിക്കുന്നത് ഒരു ദിനോറോ വീതമാണ്. അത് ഒരു തൊഴിലാളിക്ക് ലഭിക്കാവുന്ന ഏറ്റവും ഉയർന്ന കൂലിയാണ്. അതിൽ കൂടുതൽ ആർക്കും വാഗ്ദാനം ചെയ്യപ്പെട്ടിട്ടില്ല. അതുകൊ് ഒരു കുടുംബത്തിന് ഒരു ദിവസം സമൃദ്ധിയിൽ ജീവിക്കാനാവും. അതായത് കുടും ബം ദാരിദ്ര്യത്തിലാകാത്തവിധം തൊഴിലിന് വേതനം ലഭിക്കുവാനുള്ള അ വകാശം ഓരോ വ്യക്തിക്കുമു്. അതേസമയം ധൂർത്തടിക്കാൻ വേതുക ആർക്കും ലഭിക്കാൻ അനുവദിച്ചുകൂടാ. ഇതാണ് ഇവിടെ പുലരുന്ന നീതി. എന്നാൽ ഓരോരുവനും അവനവന് കഴിയുന്നത്ര സമയവും അദ്ധ്വാനവും വിനിയോഗിച്ച് ജോലി ചെയ്തേ പറ്റൂ. അതിൽ വിട്ടുവീഴ്ച യില്ല. എന്നിരുന്നാലും നിർവ്വഹിക്കപ്പെടുന്ന ജോ ലിയുടെ അളവനുസരിച്ച് കൂടുതൽ കൂലി കിട്ടാൻ ദൈവരാജ്യത്തിലെ നീതി വ്യവസ്ഥ അനുവദിക്കുന്നില്ല. അവിടെ, ആവശ്യമാണ് കൂലിയുടെ അടിസ്ഥാനം. ആർഭാടത്തിന് അനുമതിയുമില്ല.

ഇതിൽ സാമ്പത്തിക പരിഗണന മാത്രമല്ല അന്തർഭവിച്ചിരിക്കുന്നത്. കൂടുതൽ ശമ്പളം ഉയർന്ന പദവിയുടെ അംഗീകാരം കൂടിയാണല്ലോ. അതുകൊാണ് ഒരു മണിക്കൂർ മാത്രം ജോലി ചെയ്തവരോട് കൂലിയിൽ തുല്യരാക്കിയതിൽ മറ്റുള്ളവർ അസംതൃപ്തിയും പ്രതിഷേധവും പ്രകടിപ്പിച്ചത്. തുല്യത അംഗീകരിക്കാൻ തയ്യാറാകാത്ത സമൂഹമാണ് ഇന്നും നമ്മുടേത്. വരുമാനത്തിന്റെ ഔന്നിത്യം അനുസരിച്ച് അംഗീകാരം ലഭിക്കുന്ന സമൂഹത്തിൽ ഒരു ബദൽ മാതൃകയാണിത്. ഓരോരുവനും അവനവന്റെ കഴിവും ബുദ്ധിയും അനുസരിച്ച് ജോലി ചെയ്യുന്നു. എന്നാൽ കൂലിക്കാര്യത്തിൽ എല്ലാവർക്കും തുല്യത. ഇവിടെ കിട്ടുന്ന കൂലികൊ് എല്ലാവരുടെയും കുടുംബങ്ങൾക്ക് ന്യായമായ രീതിയിൽ സുഖജീവിതം നയിക്കാം. അതിൽക്കൂടുതൽ നേടുവാൻ ആർക്കും അനുവാദവുമില്ല. ഇതാണ് ദൈവീകനീതി.

ഇത് സാമർത്ഥ്യവും ബുദ്ധിയും അദ്ധ്വാനശേഷിയുമുള്ളവരെ നിരുത്സാഹപ്പെടുത്തുന്നില്ല. അവർക്ക് ഉദാസീനത ഉായിക്കൂടാ. അവർക്ക് കഴിവ് കൂടുതൽ ലഭിച്ചിരിക്കുന്നത് അത് കുറഞ്ഞവർക്കുകൂടി വേ ജോലി ചെയ്യുന്നതിനാണെന്ന ചിന്തയുാകണം. അവിടെയാണ് സ്നേഹവും നീതിയും കരുതലുമെല്ലാം ഒന്നുചേരുന്നത്. അതുകൊാണ് യരുശലേമിലെ പ്രഥമ ക്രിസ്തീയ സമൂഹത്തിൽ ഓരോരുവനും അവനവനുള്ളത് അപ്പോസ്തോലന്മാരുടെ പക്കൽ ഏല്പിച്ചതും അവർ അവരവരുടെ ആവശ്യംപോലെ മാത്രം അതിൽ നിന്ന് എടുക്കാൻ ജനത്തെ അനുവദിച്ചതും. ഇത് ദൈവരാജ്യത്തിന്റെ നീതിയാണ്. സമത്വാനുഭവ

ത്തിന്റെ മാതൃകയാണ്.

കൂടുതൽ കരുത്തും ബുദ്ധിയും സാമർത്ഥ്യവുമുള്ളവർ അദ്ധ്വാനിക്കുന്നത് കഴിവു കുറഞ്ഞവർക്കും തിരസ്കൃതർക്കും വേികൂടിയാണ്. തോട്ടക്കാരൻ കരുത്തും സാമർത്ഥ്യവും നോക്കിയല്ല ജോലിക്ക് വിളിക്കുന്നത്. അങ്ങനെയെങ്കിൽ ഒരു പരിശോധനയിലൂടെ അവരെ മുൻകൂട്ടി തെരഞ്ഞെടുക്കാമായിരുന്നു. തൊഴിൽ വിപണിയിൽ തള്ളപ്പെട്ടവർക്കും അദ്ദേഹം ജോലി നൽകുന്നു. വൈകിയ സമയത്തും ജോലിക്ക് പോകാതെ നിൽക്കുന്നതിന്റെ കാരണം തങ്ങൾക്ക് അദ്ധ്വാനിക്കാൻ മടിയുായിട്ടല്ല, ആരും വിളിക്കാഞ്ഞിട്ടാണ് എന്ന് കൂലിക്കാർ പറയുന്നു. അതായത് അവർ കഴിവുകുറഞ്ഞ കൂലിക്കാരാണ് എന്നു സൂചന. തിരസ്കൃതർക്കും ഉപജീവനമാർഗ്ഗം തുറക്കുന്ന തൊഴിലുടമയാണദ്ദേഹം. അദ്ധ്വാനശേഷി ഏറിയവരെയും സമർത്ഥരെയും മാത്രം തെരഞ്ഞെടുത്ത് ജോലി നൽകി സംരക്ഷിക്കുകയും മറ്റുള്ളവരെ ഉപേക്ഷിക്കുകയും ചെയ്യുന്ന വ്യക്തിയല്ല. എല്ലാവർക്കും തൊഴിൽ നൽകുകയും എല്ലാവർക്കും തുല്യവേതനം നൽകി സംരക്ഷിക്കുകയും ചെയ്യുന്ന ദേഹമാണ്. ഇതാണ് പുതിയ നീതിയുടെ-ദൈവരാജ്യനീതിയുടെ- സവിശേഷത.

ഒരു ദിനോറോയിൽ കുറഞ്ഞ കൂലി ലഭിച്ചാൽ അങ്ങനെയുള്ളവരുടെ കുടുംബം പട്ടിണിയിലാകും. അദ്ധ്വാനശേഷിയും മിടുക്കും ഉള്ളവർക്കുമാത്രം മാന്യമായി ജീവിച്ചാൽ പോരല്ലോ. മറ്റുള്ളവർക്കും മുട്ടുകൂടാതെ കഴിയണം. അതിന് അവർക്കും ഒരു ദിനോറോ വേതനമായി ലഭിക്കണം. അതിനുവേി ആർ അദ്ധ്വാനിക്കും? ബലവാന്മാരും സമർത്ഥരും കൂടുതൽ ജോലി ചെയ്യണം. എങ്കിൽ മാത്രമേ സമൂഹത്തിൽ നീതി പുലരുകയുള്ളൂ. എല്ലാവരും കഴിവനുസരിച്ച് പരമാവധി ജോലി ചെയ്യുകയും ജീവസന്ധാരണത്തിനാവശ്യമായ തുല്യവേതനം പറ്റുകയും ചെയ്യുന്ന സംവിധാനമാണ് വേത്.

എഞ്ചിനീയർമാർ, ഡോക്ടർമാർ, ന്യായാധിപന്മാർ, സിവിൽ സർ വ്വീസിലുള്ളവർ മുതലായ ഉന്നതോദ്യാഗസ്ഥർക്ക് കൂടുതൽ സമ്പാദിക്കാനുള്ള സാധ്യത ഇന്ന്. ബാങ്കുകാർ, വ്യവസായികൾ മുതലായവർക്കുമു്. എന്നാൽ മാന്യമായി ജീവിക്കുന്നതിലുപരി സമ്പാദിച്ചു കൂട്ടുന്ന സ്വത്ത് അവരുടേതല്ല. അത് ദരിദ്രർക്കും സമൂഹത്തിൽ അവശത അനുഭവിക്കുന്ന മറ്റുള്ളവർക്കും കൂടി അവകാശപ്പെട്ടതാണ്. ഈ തിരിച്ചറിവാണ് സമൂഹത്തെ ദൈവരാജ്യോന്മുഖമാക്കുന്നത്.

തോട്ടക്കാരന്റെ പ്രധാന ലക്ഷ്യം തോട്ടത്തിന്റെ വികസനവും അതിൽ നിന്നുള്ള ലാഭവുമല്ല. അതിലുപരി വേലക്കാരുടെ ക്ഷേമമാണ് അദ്ദേഹത്തിന് പ്രധാനം. അതുകൊാണ് മറ്റുള്ളവർ ജോലിക്ക് വിളിക്കാൻ കൂ ട്ടാക്കാത്തവരെ കൂടി സമയം ഏറെ വൈകിയിട്ടുപോലും അയാൾ പണി ക്ക് ക്ഷണിക്കുന്നതും മറ്റുള്ളവർ ക്കൊപ്പം കൂലി നൽകുന്നതും. സഭയുടെയും സഭാപ്രസ്ഥാനങ്ങളുടെയും ഭൗതീക വളർച്ച ലക്ഷ്യം വയ്ക്കുന്നവർ ഈ ഉപമയുടെ പൊരുൾ മന ിലാക്കി പ്രവർത്തിക്കേതാണ്. സഭയുടെ സേവന ലക്ഷ്യം സമ്പത്തുാക്കുകയല്ല, കഴിവറ്റവരുടെയും തള്ളപ്പെട്ടവരുടെയും ഉന്നമനം നേടി, സാമൂഹ്യനീതിയും സ്ഥിതിസമത്വവും കൈവരിക്കുകയാണ്. അതിന് ശ്രമിക്കേതിന്റെ ആവശ്യകതയിലേക്ക് ഈ ഉപമ വിരൽ ചൂന്നു. സഭയുടെയും പ്രസ്ഥാനങ്ങളുടെയും നേതാക്കന്മാർ ഈ ഉപമയിലെ തോട്ടക്കാരനെ മാതൃകയാക്കിയിരുന്നെങ്കിൽ എന്നാശിച്ചുപോവുകയാണ്!

നീതി ലഭിക്കാത്തവർക്ക് അത് പ്രദാനം ചെയ്യാൻ മാത്രമല്ല, നീതി കിട്ടിയിട്ടും പരാതിയുമായി നടക്കുന്ന, ഉപമയിലെ നേരത്തേ ജോലിക്കെ

(9)

# Time
is a great
# Teacher

*There is no great teacher than time.*
*It teaches us every day, every moment,*
*About value of life and our living.*
*Our experiences are time's certificate to us*
*For passing life's tests and*
*Learning the value of time.*

*Reality is question of perspective,*
*The farther you get from the past, the more concrete*
*And plausible it seems-but as you*
*Approach the present, it inevitably seems incredible.*

*Time is the only comforter for the loss of a mother*

*The finest workers in stone are not*
*Copper or steel tools, but the gentle*
*Touches of air and water working at their*
*Leisure with a liberal allowance of time*

Collected by Aneena Elizabeth Bejoy

ലേഖനം

# ഉയിർപ്പും ഞാനും...

**ഡോ. ആനി മേരി പോൾ,** പുതുപ്പള്ളി

**വി**വാഹശേഷം ആദ്യമായി ഉയിർപ്പിന്റെ മഹാപെരുന്നാൾ ഞാൻ എന്റെ പുതിയ ഇടവകയായ പുതുപ്പള്ളി സെയ്ന്റ് ജോർജ്ജ് ഓർത്തഡോക്സ് വലിയപള്ളിയിലാണ് കൊാടിയത്. പൗരസ്ത്യ ജോർജ്ജിയൻ തീർത്ഥാടന കേന്ദ്രത്തിലായിരിക്കുമ്പോൾ പറഞ്ഞറിയിക്കാനാവാത്ത ദൈവീക ചൈതന്യം നറിയുന്നതായി ശുശ്രൂഷകൾക്കിടയിൽ എനിക്ക് അനുഭവപ്പെട്ടു (വി. മത്തായി. 28:1–10, വി. മർക്കോസ് 16:1–11, വി. ലൂക്കോസ് 24:1–12, വി. യോഹന്നാൻ 20:1–18). ഈ വായനയാണ് ഈ പഠനത്തിന് അടിസ്ഥാനം.

കർത്താവിന്റെ കുരിശുമരണത്തിനു ശേഷം ആഴ്ചവട്ടം ഒന്നാംനാൾ സ്ത്രീകൾ സുഗന്ധവർഗ്ഗങ്ങളുമായി കല്ലറയ്ക്കൽ ചെന്നപ്പോൾ അടച്ചിരുന്ന കല്ല് നീങ്ങിയിരിക്കുന്നതായി കു. അവർ ശിഷ്യന്മാരെ കൂട്ടി വന്നപ്പോൾ കത് ഒഴിഞ്ഞ കല്ലറയാണ്. കുനിഞ്ഞു നോക്കിയപ്പോൾ ശീലകൾ മാത്രം കാണുകയും ശിഷ്യന്മാർ മടങ്ങിപ്പോകുന്നതായും സുവിശേഷം സാക്ഷിക്കുന്നു (വി. യോഹ. 20:10).

സ്ത്രീകൾ മടങ്ങിപ്പോകാതെ അവിടത്തന്നെ കരഞ്ഞുകൊിരുന്നു. അവർ കല്ലറയിൽ കുനിഞ്ഞു നോക്കിയപ്പോൾ ര് ദൂതന്മാരെ കാണുകയും, കരഞ്ഞുകൊ് കർ ത്താവിനെ അവർ കൊുപോയി എന്ന് പറയുകയും ചെയ്തു. ഇതു പറഞ്ഞ മഗ്ദലനക്കാരി മറിയം പി ന്നോക്കം തിരിഞ്ഞപ്പോൾ പുനരുത്ഥാനം ചെയ്ത ദൈവപുത്രനെ കാണുകയും എന്നാൽ തിരിച്ചറിയാതെ തോട്ടക്കാരൻ എന്ന് നിരൂപി ച്ച് കർത്താവിനെ കാണിച്ചുതരാൻ അഭ്യർത്ഥിക്കുകയും ചെയ്തു.

ആ സമയം യേശു അവളെ 'മറിയേ' എന്നുവിളിച്ചപ്പോൾ ആനന്ദാശ്രുക്കളോടെ അവൾ 'റബ്ബുനി' (ഗുരു) എന്ന് പ്രത്യഭിവാദനം ചെയ്തു. ഇങ്ങനെ പോകുന്നു സുവിശേഷ ഭാഗം....

വളരെ ഭക്ത്യാദരവുകളോടെ ധന്യവതികളായ ആ സ്ത്രീകൾ സുഗന്ധദ്രവ്യവുമായി ഞായറാഴ്ച അതിരാവിലെ കല്ലറവാതുക്കൽ എത്തുമ്പോൾ അവർക്കുവേി കാത്തിരുന്നത് ഒരു ഒഴിഞ്ഞ കല്ലറയാണ്. അത് അവരിൽ വലിയൊരാശങ്ക ഉയർത്തിയതായി നാം കാണുന്നു. എന്നാൽ പ്രതീക്ഷ കൈവെടിയാതെ, പൂർണ്ണവിശ്വാസത്തോടും, തീക്ഷ്ണമായ ആഗ്രഹത്തോടും കർത്താവിനെ വീ ും തിരയുന്ന അവർക്ക് തന്നെത്ത ന്നെ വെളിപ്പെടുത്തുന്ന ഉയർത്തെഴുന്നേറ്റ ക്രിസ്തുവിനെയാണ് നമ്മൾ ഇവിടെ കാണുന്നത്.

ദൈനംദിന ജീവിതത്തിൽ വള രെ പ്രതീക്ഷകളോടുകൂടി ഉറ്റുനോക്കുന്ന പലതും നമ്മെ കൊത്തിക്കുന്നത് ആ ഒഴിഞ്ഞ കല്ലറപോലെ ഒരു ശൂന്യമായ അവസ്ഥയിലേയ്ക്കായിരിക്കും. അത് വെറും താല്ക്കാലികമാണെന്ന് തിരിച്ചറിയാതെ അക്ഷമരായി നിരാശയോടെ മടങ്ങിപ്പോകുന്നവരാണ് നമ്മിൽ പലരും. എന്നാൽ അചഞ്ചലമായ വിശ്വാസത്തോടും വലിയ പ്രതീക്ഷയോടും കൂടി ആ ഒ ന്നുമില്ലായ്മയെ ഉൾക്കൊ് നാം മുന്നോട്ടുപോയാൽ നമ്മെ കാത്തിരിക്കുന്നത് മഹാത്ഭുതങ്ങളും പ്രതീക്ഷകൾക്കതീതമായ ആഗ്രഹസാഫല്യവുമായിരിക്കും.

അതിനാൽ ഒഴിഞ്ഞ ആ കല്ലറ ഒരു നിരാശയല്ല, പ്രത്യുത പ്രത്യാശയാണ് നമ്മിലുയർത്തേത്. അത് പുനരുത്ഥാന യാഥാർത്ഥ്യവും, സത്യവും നീതിയും ധർമ്മവും കുഴിച്ചുമൂടാനാകില്ല എന്ന മുന്നറിയിപ്പും നമുക്ക് നൽകുന്നു.

ഇന്നത്തെ ലോകം വിജയത്തിന്റെ പിറകേ പരക്കം പായുകയാണ്. പണം, പേര്, പ്രശസ്തി ഇവകൾക്കായി എന്തിനും തുനിയുന്ന, ഏത വസ്ഥ വരെയും പോകുന്ന ഒരു സമൂഹമായി നമ്മുടേത് മാറിക്കൊിരിക്കുന്നു. വിജയത്തിൽ മതിമറന്നാഹ്ലാദിക്കുന്നവരും, പരാജയത്തിൽ ഹൃദയം നൊന്ത് വിഷാദരോഗികളാകുന്നവരും, മറ്റുള്ളവരുടെ വിജയം ക് തനിക്കുള്ളതിൽ അതൃപ്തി കാണിക്കുന്നതും നമ്മിലും നമ്മുടെ യിടയിലുമു്.

എന്നാൽ എന്താണ് ഈ ജയവും തോല്‌വിയുമെന്ന് നാം അന്വേഷിക്കേു്. ജയിച്ചു എന്നു കരുതുന്നവർ യഥാർത്ഥത്തിൽ ജയിച്ചവരാണോ. പരാജയപ്പെട്ടു എന്ന് കരുതുന്നവർ ശരിക്കും പരാജിതരാണോ. ആപേക്ഷികമായ സംഗതികളാണ് ജയവും തോല്‌വിയും. ഈ ലോകത്തിൽ ഭൗതീക സമ്പത്ത് നേടുന്നവരല്ല, മറിച്ച് കർത്താവിന്റെ തിരുസന്നിധിയിൽ ധനം സൂക്ഷിക്കുന്നവർക്കാണ് നിത്യജീവനും യഥാർത്ഥ വിജയവും അവിടുന്ന് വാഗ്ദാനം ചെയ്യുന്നത്.

ഒരു ക്രിസ്ത്യാനിയുടെ ഏറ്റവും വലിയ പ്രതീക്ഷയും പ്രത്യാശയും ഉയിർപ്പാണ്. ഉയിർപ്പ് ശുശ്രൂഷാമദ്ധ്യേ ''എന്റെ കർത്താവ് ഉയിർത്തെഴുന്നേറ്റു എന്ന് ഞാൻ പൂർണ്ണമായും വിശ്വസിക്കുന്നു'' എന്ന് ആഹ്ലാദത്തോടെ ദൃഢമായി ഉച്ചത്തിൽ പ്രഖ്യാപനം നടത്തുമ്പോൾ നമ്മളേവരുടേയും മന ിൽ നിറയേത് ആ ഒഴിഞ്ഞ കല്ലറ നൽകുന്ന വലിയ വെളിച്ചം പ്രതീക്ഷയുടെയും, പ്രത്യാ


**ബുള്ളറ്റിൻ വരിസംഖ്യ നിരക്ക്**

| | |
|---|---|
| 2 വർഷത്തേക്ക് | - 100 രൂ. |
| ആയുഷ്ക്കാലം | - 1000 രൂ. |
| വിദേശത്ത് | - 4000 രൂ. (100 ഡോളർ) |

വരിസംഖ്യാ കാലാവധി തീർന്നവർ പുതുക്കുക.

**കളിപ്പന്തൽ**

# ക്രിസ്തീയ സ്നേഹവും തകരുന്ന വ്യക്തിബന്ധങ്ങളുടെ പുനർസൃഷ്ടിയും

**ഏലു ജെയിംസ്**, പെരിയാമ്പ്ര

ക്രിസ്തുശിഷ്യരായിരിക്കുന്നതിൽ അഭിമാനിക്കുന്നവരാണ് നമ്മൾ ക്രിസ്ത്യാനികൾ. യേശുവിന്റെ മണവാട്ടിയായ സഭയിലെ അംഗങ്ങളാണ് നാം ഓരോരുത്തരും. ക്രിസ്തു സ്നേ ഹത്താൽ ബന്ധിക്കപ്പെട്ടിരിക്കുന്ന ഒന്നാണിത്. നിലനിൽക്കുന്ന മൗലീക സുകൃതങ്ങളാണ് വിശ്വാസം, പ്രത്യാ ശ, സ്നേഹം എന്നതിൽ ഏറ്റവും വലുത് സ്നേഹമാണ്. പവിത്രമായ സ്നേഹമില്ലായിരുന്നുവെങ്കിൽ ഈ ലോകം തന്നെ ഒരു കെട്ടുകഥയായേനെ. വ്യക്തികൾ തമ്മിലുള്ള ബന്ധം, വ്യക്തിയും ദൈവവും തമ്മിലുള്ള ബന്ധം, വ്യക്തിയും പ്രകൃതിയും തമ്മിലുള്ള ബന്ധം-എല്ലാം കോർക്കപ്പെട്ടിരിക്കുന്നത് സ്നേഹത്താലാണ്. പരിശുദ്ധ പൗലോസ് ശ്ലീഹാ കൊലോസിയർക്ക് എഴുതിയ ലേഖനം 3-ാം അദ്ധ്യായം 14-ാം വാക്യത്തിൽ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു. "സ്നേഹം അണിയുക. എല്ലാറ്റിനെയും സ്നേഹം നന്നായി സംയോജിപ്പിക്കുന്നു." സഹോദരസ്നേഹത്തിൽ ഇനിയും മുന്നേറണമെന്ന് അദ്ദേഹം തെ ലോനിക്യക്കാരോടു ഉപദേശിക്കുന്നു്.

സമൂഹ 'പുരോഗതിയുടെ' നടുവിൽ നെട്ടോട്ടമോടുന്ന ഒരു കൂട്ടം ആളുകളാണ് ഇന്നുള്ളത്. നിർമ്മലവും നിഷ്ക്കളങ്കവുമായ സ്നേഹം അവകാശപ്പെടാവുന്നവർ ഇന്നു ചുരുക്കമാണ്. മേൽപ്പറഞ്ഞ ബന്ധങ്ങളേക്കാൾ ഇക്കാലത്തു 'ശ്രേഷ്ഠമായ' ബന്ധം കൈമുതലുള്ളവർ കോടീശ്വരന്മാരാണ്. മന ും ദ്രവ്യവും തമ്മിലുള്ള ആ ബന്ധമാണിന്ന് മറ്റു ബന്ധങ്ങൾക്ക് അടിസ്ഥാനം. ഇതിനെ ചിലപ്പോഴൊക്കെ ദുര എന്നു വിളിക്കാം. തകരുന്ന ബന്ധങ്ങളുടെ അടിസ്ഥാനവും ഇതുതന്നെയാണ്.

സ്നേഹം അതിശ്രേഷ്ഠം എന്നു വി. പൗലോസ് ശ്ലീഹാ പറഞ്ഞിരിക്കുന്നു. വിശ്വാസവും പ്രത്യാശയുമെല്ലാം സ്നേഹത്തിലാണ് കെട്ടിപ്പെടുത്തിയിരിക്കുന്നത്. സ്നേഹത്തിന്റെ അപ്പോസ്തോലനായ വി. യോഹന്നാൻ സ് നേഹത്തെക്കുറിച്ച് വളരെ സ്പഷ്ടമായി തന്റെ ലേഖനങ്ങളിൽ വിവരിച്ചിരിക്കുന്നു.

വി. വേദപുസ്തകത്തിൽ ആദ്യന്തം സ്നേഹപ്രകടനങ്ങൾ കാണാൻ സാധിക്കും. ദൈവം ആദിയിൽ നടത്തിയ സൃഷ്ടി സ്നേഹത്തെ വെളിപ്പെടുത്തുന്നു. മനുഷ്യന് ജീവശ്വാസമൂതിയപ്പോൾ സ്നേഹം തന്നെയാണ് അവനിൽ നിക്ഷേപിച്ചത്. അവന് കൂട്ടായി സ്ത്രീയെ കൊടുത്തപ്പോൾ സ്നേഹത്താലാണ് അവരെ ബന്ധിച്ചത്.

വി. യോഹന്നാന്റെ അഭിപ്രായത്തിൽ ദൈവം സ്നേഹം തന്നെയാണ്. തന്റെ ഏകജാതനായ പുത്രനെ ലോകത്തിനു നൽകുവാൻ തക്കവണ്ണം ദൈവം ലോകത്തെ സ്നേഹിച്ചു. ദൈവസ്നേഹത്തിന്റെ ഉത്കൃഷ്ട മാതൃകയാണ് ക്രിസ്തുയേശു. നാം വീക്ഷിക്കുന്ന എല്ലാത്തിലും അവയുടെ അന്തഃസത്തയായ സ്നേഹത്തെ കാണാം. മാരുതൻ പൂക്കളെ തൊട്ടുരുമി പോകുമ്പോൾ അവർ കിന്നരിക്കുകയാണ്. പൂക്കളും വുകളും തമ്മിൽ കഥ പറയുന്നു. പുഷ്പങ്ങളിൽ വന്നിരിക്കുന്ന പ്രാണികൾ പരാഗണത്തിനു സഹായിക്കുന്നു. പകരം പൂ തേൻ നൽകുന്നു. തീർച്ചയായും നി ാരമായ പൂവിനെ മനുഷ്യരുമായി സാദൃശ്യപ്പെടുത്തിയാൽ മനുഷ്യന്റേതിനേക്കാൾ ശ്രേഷ്ഠമായത് പൂക്കളുടെ സ്നേഹമാണ്.

വി. വേദപുസ്തകത്തിന്റെ ഏടുകളിലെ സ്നേഹത്തെക്കുറിച്ചുള്ള പ്രബോധനങ്ങളിൽ ഓരോന്നും സ്നേഹത്തിന്റെ ഓരോ മുഖങ്ങൾ നമ്മെ പരിചയപ്പെടുത്തുന്നു. "ദൈവം നമ്മെ സ്നേഹിച്ചുവെങ്കിൽ നാമും അന്യോന്യം സ്നേഹിക്കേതാകുന്നു." (യോഹ. 4:11). "ഞാൻ നിങ്ങളെ സ്നേഹിച്ചിരുന്നതുപോലെ നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കണം" (യോഹ. 15:12) "താൻ കിട്ടുള്ള സഹോദരനെ സ്നേഹിക്കാത്തവന് കിട്ടില്ലാത്ത ദൈവത്തെ സ്നേഹിപ്പാനാവില്ല" (യോഹ. 4:20). "കർത്താവിന്റെ അചഞ്ചലമായ സ്നേഹം അ വസാനിക്കുന്നില്ല. അവന്റെ കരുണയ്ക്ക് അന്തമില്ല" (വിലാപങ്ങൾ 33:22). ഇവയെല്ലാം ഇതിനുദാഹരണങ്ങളാണ്. സ്നേഹത്തിന്റെ വൈശിഷ്ട്യത്തെക്കുറിച്ച് കൊരിന്ത്യർ 13-ാം അദ്ധ്യായത്തിൽ വിവരിച്ചിരിക്കുന്നു.

എല്ലാ ബന്ധങ്ങളുടെയും അടിസ്ഥാനം സ്നേഹമാണെന്നു പറഞ്ഞല്ലോ. എന്നാൽ 51-ാം സങ്കീർത്തനത്തിൽ ദാവീദിന്റെ വിലാപം വായിക്കുമ്പോൾ നമുക്ക് മന ിലാക്കാൻ കഴിയും 'സ്നേഹം' എപ്പോഴും എല്ലാ രീതിയിലും നല്ലതല്ല. ഇത് നിർമ്മല സ്നേഹത്തിന്റെ അഭാവം മൂലമാണ്. ഇവിടെയാണ് ക്രിസ്തീയ സ്നേഹത്തിന്റെ പ്രാധാന്യം. അത് പരിശുദ്ധമാണ്. ദാവീദിന് ബെത്ശേബയോടു തോന്നിയ കളങ്കപ്പെട്ട സ്നേഹമാണ് അവനെ ഊരിയാവിനെ കൊല്ലുന്നതിന് പ്രേരിപ്പിച്ചത്.

ക്രിസ്തീയ സ്നേഹത്തിന്റെ ലക്ഷണങ്ങൾ ഇവയാണ്.

'സ്നേഹം ദീർഘമായി ക്ഷമിക്കുകയും ദയ കാണിക്കുകയും

ചെയ്യുന്നു. സ്നേഹം സ്പർദ്ധിക്കുന്നില്ല; സ്നേഹം നിഗളിക്കുന്നില്ല. ചീർക്കുന്നില്ല; അയോഗ്യമായി നടക്കുന്നില്ല; ദോഷം കണക്കിടുന്നില്ല; അനീതിയിൽ സന്തോഷിക്കാതെ സത്യത്തിൽ സന്തോഷിക്കുന്നു; എല്ലാം പൊറുക്കുന്നു; എല്ലാം വിശ്വസിക്കുന്നു; എല്ലാം പ്രത്യാശിക്കുന്നു; എല്ലാം സഹിക്കുന്നു; സ്നേഹം ഒരുനാളും ഉതിർന്നു പോകുകയില്ല.'

സുഹൃദ്ബന്ധം, ഭാര്യ-ഭർതൃബന്ധം, രക്തബന്ധം, ഗുരുശിഷ്യബന്ധം തുടങ്ങിയവ വ്യക്തിബന്ധങ്ങളുടെ കണക്കിൽപ്പെടുന്നു. നിർമ്മല സ്നേ ഹത്തോടൊപ്പം തീക്ഷ്ണമായ വിശ്വാസവും ത്യാഗവും ഈ ബന്ധങ്ങളുടെ അടിസ്ഥാനമാണ്. ഇവയുടെ മൂലക്കല്ലാണ് സ്നേഹം. പരസ്പരം അറിയാതെ ഈ മൂലക്കല്ലിനെ അസ്ഥാനത്തു പ്രതിഷ്ഠിക്കുന്നതാണ് പലപ്പോഴും ബന്ധങ്ങളുടെ തകർച്ചയ്ക്കു കാരണം എന്നാണ് എനിക്ക് തോന്നിയിട്ടുള്ളത്. പവിത്രമായ ഭാര്യ-ഭർതൃബന്ധത്തിന് ഒരു പുതുജീവനെ നൽകുവാൻ കഴിയും. വിശ്വസ്തരായ കൂട്ടുകാർക്ക് ജീവിതം സുന്ദരമാക്കാൻ കഴിയും. പരസ്പരം താങ്ങായ സഹോദരങ്ങൾ ഭവനത്തെ സ്വർഗ്ഗമാക്കുന്നു. നിത്യമായ മാതൃ-ശിശു ബന്ധത്തിന് ഒരു നല്ല പൗരനെ വാർത്തെടുക്കാം. ഇങ്ങനെ ബന്ധങ്ങളുടെ സംഭാവനകളുടെ നിര നീളുന്നു.

ആധുനിക സമൂഹത്തിലെ ഒരു പ്രധാന പ്രശ്നമാണ് വ്യക്തിബന്ധങ്ങളുടെ ശിഥിലീകരണം. കേവലം ശരീരഭംഗിയെയോ സമ്പത്തിനെയോ ആശ്രയിക്കുന്നതല്ല യഥാർത്ഥമായ സ്നേഹം. മനസ്സുകളുടെ ബന്ധമാണ് പ്രധാനം. പരസ്പരമുള്ള വിശ്വാസക്കുറവ്, സ്നേഹമില്ലായ്മ, ത്യാഗം ചെയ്യുവാനുള്ള മടി, അത്യാഗ്രഹം, അസഹിഷ്ണുത, അഹങ്കാരം, ആർത്തി തുടങ്ങിയവയാണ് വ്യക്തിബന്ധങ്ങളുടെ തകർച്ചയ്ക്കുള്ള കാരണങ്ങൾ. പരിഷ്കാരത്തിന്റെ നീരാളിപ്പിടുത്തത്തിൽപെട്ട് ദുർവൃത്തികളിലേയ്ക്കും മൃഗീയ സംസ്ക്കാരത്തിലേ യ്ക്കും ലോകാസക്തികളിലേയ്ക്കും നയിക്കപ്പെടുന്ന വ്യക്തികളാണ് ഈ തകർച്ചകളുടെ കാരണക്കാർ. എ ന്നാൽ അതിന്റെ പരിണിതഫലം എല്ലാവരെയും ബാധിക്കുന്നു, പ്രതികൂലമായിത്തന്നെ മദ്യം, മയക്കുമരുന്ന് തുടങ്ങിയ ലഹരിവസ്തുക്കളുടെ ഉപഭോഗമാണ് മറ്റൊരു പ്രധാന കാരണം. സാമൂഹ്യദ്രോഹികളായ ചിലർ അന്യരുടെ ബന്ധങ്ങളെ തകർ ക്കാൻ തന്നെ ഒരുമ്പെട്ടിറങ്ങിയിട്ട്. ഇങ്ങനെയുള്ളവരും ബന്ധങ്ങളുടെ തകർച്ചയ്ക്ക് കാരണമാകുന്നു.

ഒരാളുടെ മനസ്സിൽ തിന്മകളുടെ വിത്ത് വിതയ്ക്കുകയും സംശയം പൊട്ടിമുളയ്ക്കുകയും ചെയ്യുമ്പോഴാണ് ഈ ബന്ധങ്ങൾ ശിഥിലീഭവിക്കുന്നത്. ഇതിന്റെ സ്രോതസ്സുകൾ പലതാണെങ്കിലും അടിസ്ഥാനം സ്നേഹക്കുറവുതന്നെയാണ്.

ഇവിടെ പുനർക്രമീകരണത്തിന് ഏറ്റവും പ്രധാനം തിന്മകളിൽ നിന്ന് അകന്നുനിൽക്കുക എന്നതാണ്. ബന്ധങ്ങളുടെ നിലനിൽപ്പിന് ആവശ്യമായ ബോധവത്കരണം നടത്തുക. അവിശ്വാസത്തിന്റെ നാമ്പുകൾ വെട്ടിക്കളയുക. പരസ്പരം നന്നായി മനസ്സിലാക്കുക. അന്യന്റെ ഇഷ്ടത്തിന് മുൻതൂക്കം നൽകുക. എല്ലാ കാര്യങ്ങളിലും നന്മ കണ്ടെത്തുക. തിന്മയെ മനഃപൂർവ്വം അകറ്റുക. കുറച്ചെല്ലാം സ്വന്തം ഇഷ്ടങ്ങൾ ത്യജിക്കുക, അന്യന്റെ കുറ്റങ്ങൾ ക്ഷമിക്കുക. നാവിന് കടിഞ്ഞാണിടുക. ക്ഷമ കാണിക്കുക. ക്രസ്തീയ ബന്ധത്തിന്റെ മൂല്യങ്ങളെ ബന്ധങ്ങളുടെ ഇടയിൽ കൊരുവരിക.

ദൈവം ആദ്യം നമ്മെ സ്നേഹിച്ചു. നമുക്ക് ദൈവത്തെ സ്നേഹിക്കാം. യേശുക്രിസ്തുവിന്റെ കല്പന അനുസരിച്ച് എല്ലാവരേയും സ്നേഹിക്കാൻ നമുക്ക് തീരുമാനിക്കാം. നമ്മെ എതിർക്കുന്നവരെയും നമുക്ക്




**SANTHULA TRUST HOSPITAL**

Vadakara, Koothattukulam

Ph: 0485-2250745, 9447575091

*A Clinical and Research Centre of Neuro - Behavioural Science*

**OUR SERVICES:**
- Counselling Centre
- Child and Adolescent Guidance Clinic
- Marital Therapy Centre
- Mental Health Hospital
- De-addiction Clinic with AA Groups
- Geriatric Care Centre and 'Pakal Veedu'
- Rehabilitation Unit
- Learning Disability Clinic
- Resource Centre for Community sensitization and health education
- Psychiatric Training Centre for students- nurs-

ing,
psychology and psychiatric social work.

**OUR FACILITIES:**
- Regular OPD form 8.30 a.m. to 4 p.m. on Monday to Friday, and upto 1 p.m. only, on Saturdays.
- 24 hr. psychiatric emergency-service
- 60-bedded in-patient residential facility comprising of hygienic, well ventilated general wards,

**ഫാ. സൈമൺ വർഗീസ്**

വൃദ്ധർ പൊതുവേ അവഗണിക്കപ്പെടുന്ന ഒരു കാലഘട്ടത്തിലാണ് സമൂഹം എത്തിച്ചേർന്നിരിക്കുന്നത്. വരുമാനം സൃഷ്ടിക്കാത്ത വയോജനങ്ങൾ കുടുംബത്തിൽ അധികപ്പറ്റായി മാറുകയാണ്. സാമ്പത്തിക സൗകര്യമുള്ളവർ, പെൻഷൻകാർ എന്നിവർ ക്ക് വലിയ പ്രതിസന്ധിയില്ലാതെ കഴിയാനാകും. എന്നാൽ ധനകാര്യത്തിൽ കർത്തൃത്വമില്ലാത്തവരുടെ ജീവിതം എളുപ്പമല്ലാതായിത്തീർന്നിരിക്കുന്നു. ഇങ്ങനെയുള്ള വയോജനങ്ങളുടെ സംരക്ഷണം ഏറ്റെടുക്കുവാനുള്ള ശ്രമത്തിലാണ് വടകരിയിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്ന ഗിലയാദ് ധ്യാനമന്ദിരം. അതിന്റെ സ്ഥാപകനായ കളപ്പുരയ്ക്കൽ ബഹു. ജേക്കബ് അച്ചന്റെ വലിയൊരു സ്വപ്നമായിരുന്നു ഒരു വയോഭവനം. അദ്ദേഹത്തിന്റെ ആകസ്മിക നിര്യാണം ഈ കൃത്യം ഏറ്റെടുക്കുന്നതിന് ഒരു താല്ക്കാലിക വിരാമം സൃഷ്ടിച്ചു. എങ്കിലും ഈ ആഗ്രഹം സാക്ഷാത്കരിക്കുന്നതിനുള്ള തീവ്രശ്രമത്തിലാണ് ഗിലയാദ് പ്രവർത്തകർ.

ഇതിനായി ഗിലയാദിന്റെ പ്രാരംഭ പ്രവർത്തകരിൽ നിന്നും പൊതുജനങ്ങളിൽ നിന്നുമായി സംഭരിച്ച പണം കൊ് നാലായിരം ചതുരശ്ര അടി വിസ്തൃതിയുള്ള മന്ദിരത്തിന്റെ ഘടന പൂർത്തിയാക്കി. എന്നാൽ ഇനിയുള്ള പണികൾ പൂർത്തിയാക്കുന്നതിന് കടുത്ത സാമ്പത്തിക ബുദ്ധിമുട്ട് ഈ സ്ഥാപനം അനുഭവിക്കുന്നു. ഇ തിനോടകം ഏതാനും വൃദ്ധജനങ്ങ ളെ ധ്യാനമന്ദിരത്തിൽ താമസിപ്പിച്ച് ഈ പദ്ധതിക്ക് ആരംഭം കുറിച്ചുകഴിഞ്ഞു. അതുകൊ് എത്രയും വേഗം ഇതിന്റെ പണി പൂർത്തീകരിക്കേി വന്നിരിക്കുകയാണ്.

വടകര സെയ്ന്റ് ജോൺസ് ഓർത്തഡോക്സ് സുറിയാനി പള്ളിക്ക് സമീപമാണ് ഗിലയാദ് ധ്യാനകേന്ദ്രം സ്ഥിതിചെയ്യുന്നത്. ര് ഏക്കറോളം വിസ്തൃതിയുള്ള അ തിന്റെ കോമ്പൗിൽ മൂന്ന് നിലകളിലായി വയോഭവൻ രൂപകല്പന ചെയ്യപ്പെട്ടിരിയ്ക്കുന്നു. മൊത്തം പന്തീരായിരം ചതുരശ്ര അടി വിസ് തീർണ്ണം വരുന്ന ഇതിൽ പണി തീരുമ്പോൾ 60 പേർക്ക് താമസിക്കുന്നതിനുള്ള സൗകര്യമുാകും. പൂർണ്ണമായും ഭാഗികമായും സൗജന്യം ലഭിക്കുന്നവരും മുഴുവനായി ചെലവ് സ്വയം വഹിക്കുന്നവരും ഉൾപ്പെടെ മൂന്നു തരം അന്തേവാസികൾ ഇതിൽ ഉാകും. വയോഭവനിലെത്തുന്നവർക്കെല്ലാം ധ്യാന കേന്ദ്രത്തിലെ ആരാധന, ധ്യാനപ്രസംഗങ്ങൾ തുടങ്ങിയ എല്ലാ പരിപാടികളിലും പങ്കെടുക്കുന്നതിനും സന്തോഷകരവും സംതൃപ്തവുമായ കൂട്ടായ്മ അനുഭവിക്കുന്നതിനുമുള്ള സൗകര്യം ഉാ യിരിക്കും

ഇതിന്റെ അവശേഷിക്കുന്ന പണി പൂർത്തിയാക്കി കൂടുതൽ വയോജനങ്ങൾക്ക് അവരുടെ ശിഷ്ടായു ് സന്തോഷപ്രദമാക്കുന്നതിന് നല്ലവരായ ജനങ്ങൾ കൈത്താങ്ങൽ കൊടുക്കേിയിരിക്കുന്നു. നിരാലംബരായ മനുഷ്യരുടെ സംരക്ഷണത്തിന് ചെലവിടുന്നത് തീർച്ചയായും നിങ്ങൾക്ക് ദൈവംതന്ന പണം അർത്ഥവത്തായി ചെലവഴിക്കുന്നതിനുള്ള അവസരമായി ക് സഹായത്തുക ഫാ. ഏലിയാസ് ജോൺ മണ്ണാത്തിക്കുളം, ഗിലയാദ് വയോഭവൻ ഒലിയപ്പുറം പി.ഒ. പിൻ – 686679 എന്ന വിലാസത്തിൽ അയച്ചു കൊടുക്കുവാൻ താല്പര്യപ്പെടുന്നു. അഗതികളായ വൃദ്ധരെ സംരക്ഷിക്കുന്നത് ഒരു പുണ്യപ്രവൃത്തിയായി



## വൈദീക പഠനശിബിരം

കനാട്, തൃശൂർ ഭദ്രാസനങ്ങളിലെ വൈദീകരുടെ ഒരു ത്രിദിന പഠനശിബിരം 2011 മെയ് 18 മുതൽ 20 വരെ നടക്കുന്നു. അപ്പോസ്തോലിക പിതാക്കന്മാരുടെ രചനകൾ അടിസ്ഥാനപ്പെടുത്തിയുള്ള പഠനങ്ങളാ ണ് ക്യാമ്പിന്റെ മുഖ്യകാര്യ പരിപാടി. മറ്റ് ഭദ്രാസനങ്ങളിലെ വൈദീകർക്കും ഈ ക്യാമ്പിൽ പങ്കെടുക്കാവുന്നതാണ്. ഡോ. തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്ത, ഫാ. ഏബ്രഹാം കാരാമ്മേൽ, ഫാ. ഏലിയാസ് കുറ്റിപറിച്ചേൽ, ഫാ. ജെറി ജോൺ, ഫാ. ബിനോയ് ജോൺ, ഫാ. ജോൺസൺ പുറ്റാനിൽ, ഫാ. ഷിബു കുര്യൻ എന്നിവർ ക്യാമ്പിന് നേതൃ ത്വം നൽകുന്നതാണ്. പാമ്പാക്കുടയിലുള്ള സമന്വയ എക്യുമെനിക്കൽ സ്റ്റഡി & ഡയലോഗ്

## വാർഷിക സമ്മേളനം

കനാട് (ഈസ്റ്റ്) ഭദ്രാസനത്തിലെ മർത്തമറിയം വനിതാസമാജത്തിന്റെ നാല്പത്തിയാറാം വാർ ഷിക സമ്മേളനം 2011 മെയ് 21 ശനിയാഴ്ച പാമ്പാക്കുട സമന്വയയിൽ നടക്കുന്നതാണ്. 'ഇവനും അബ്രാഹാമിന്റെ പുത്രനാകയാൽ ഇന്ന് ഈ ഭവനത്തിന് രക്ഷ വന്നു.' (വി. ലൂക്കോസ് 19:9) എന്നതാണ് ക്യാമ്പിന്റെ ചിന്താവിഷയം.

## പെരുന്നാൾ ആഘോഷിച്ചു

പെരിയാമ്പ്ര സെയ്ന്റ് ജോർജ്ജ് ഓർത്തഡോക്സ് പള്ളിയിൽ മെയ് 8, 9 തീയതികളിൽ വി. യോഹന്നാൻ ശ്ലീഹായുടെ പെരുന്നാൾ ആഘോഷിച്ചു. നിരപ്പേത്തോട്ടത്തിൽ അഡ്വ. ജെയിംസ് ജോണും കുടുംബവുമാണ് പെരുന്നാൾ ഏറ്റു കഴിച്ചത്. ഇടവക മെത്രാപ്പോലീത്ത ഡോ. തോമസ് മാർ അത്താനാസ്യോസ്, വികാരി ഫാ. ഏബ്രാഹാം കാരാമ്മേൽ എന്നിവർ ആരാധനകൾക്ക് നേതൃത്വം നൽകി.

## സുഖദ ബാലഗ്രാം

കോലഞ്ചേരി സുഖദ ധ്യാനമന്ദിരത്തിന്റെ ആഭിമുഖ്യത്തിൽ പണി പൂർത്തിയാക്കിയിരിക്കുന്ന 'സുഖദ ബാലഗ്രാമി'ന്റെ പ്രവർത്തനം ആരംഭിക്കുന്നു. മെയ് 27-ാം തീയതി പ്രസ്ഥാനത്തിന്റെ അദ്ധ്യക്ഷൻ ഡോ. തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്ത ഈ സ്ഥാപനം സാ മ്പത്തിക ബുദ്ധിമുട്ടുള്ള കുട്ടികളുടെ സംരക്ഷണത്തിനും പഠനത്തിനുമാ യി സമർപ്പിക്കുന്നതാണ്. ഇവിടെ പ്രവേശനം ലഭിച്ച കുട്ടികൾക്കെല്ലാം മികച്ച താമസ-ഭക്ഷണ-വിദ്യാഭ്യാസ സൗകര്യങ്ങ

## വി. ഗീവർഗീസ് സഹദായുടെ പെരുന്നാൾ ആഘോഷിച്ചു

മൂവാറ്റുപുഴ സെയ്ന്റ് തോമസ് കത്തീഡ്രലിന്റെ ആഭിമുഖ്യത്തിൽ ആദ്യമായി ഈ വർഷം വി. ഗീവർ ഗീസ് സഹദായുടെ പെരുന്നാൾ ആഘോഷിച്ചു. 2011 മെയ് 14-ാം തീയതി ശനിയാഴ്ച പെരുന്നാളിനോടനുബന്ധിച്ച് നടന്ന വി. കുർബ്ബാനയിൽ ഡോ. തോമസ് മാർ അത്താനാസ്യോ സ് മെത്രാപ്പോലീത്ത മുഖ്യ കാർമ്മികത്വം വഹിച്ചു. അരമന പള്ളിയുടെ തെക്കേ ത്രോണോസ് വി. ഗീവർ ഗീസ് സഹദായുടെ നാമത്തിലുള്ളതാണ്.

Phone: 0481-2571485

## CATHOLICATE & M. D. SCHOOLS

**(CORPORATE MANAGEMENT)**

**DEVALOKAM, KOTTAYAM-38**

കാതോലിക്കേറ്റ് & എം.ഡി. സ്കൂൾ അറിയിപ്പ്

**അപേക്ഷകൾ ക്ഷണിക്കുന്നു.**

1. 2011-2012 അദ്ധ്യയന വർഷത്തിൽ ഉാകുവാൻ സാധ്യതയുള്ള താഴെ പ്പറയുന്ന ഒഴിവുകളിലേയ്ക്ക് ഉദ്യോഗാർത്ഥികളിൽ നിന്ന് നിർദ്ദിഷ്ട ഫാറത്തിലുള്ള അപേക്ഷകൾ ക്ഷണിക്കുന്നു.
   1. H.S.A. (Physical Science)
   2. H.S.A. (Social Studies)
   3. H.S.A. (Maths)
   4. H.S.A. (Naturla Science)
   5. Lower Grade Sanskrit Teacher

   നിർദ്ദിഷ്ട ഫാറം ദേവലോകം സ്കൂൾ മാനേജ്മെന്റ് ഓഫീസിൽ നിന്ന് 100 രൂപയ്ക്ക് (By post 105) ലഭിക്കുന്നതും, പൂരിപ്പിച്ച ഫാറം ആവശ്യമായ സർട്ടിഫിക്കറ്റുകളുടെ പകർപ്പ് സഹിതം മെയ് 25 ന് മുമ്പ് ഓഫീസിൽ ലഭിക്കേണ്ടതുമാണ്.
2. 2011-2013 അദ്ധ്യയന വർഷം റ്റി.റ്റി.സി. കോഴ്സിന് നിശ്ചിത യോഗ്യതയുള്ളവരിൽ നിന്ന് നിർദ്ദിഷ്ട ഫാറത്തിൽ അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷാഫാറം അതാത് സ്കൂളുകളിൽ നിന്ന് ലഭിക്കുന്നതാണ്. +2 പരീക്ഷാഫലം കാത്തിരിക്കുന്നവർക്കും അപേക്ഷിക്കാവുന്നതാണ്.

സ്കൂളുകൾ - എം.എസ്.എസ്.റ്റി.റ്റി.ഐ. തഴക്കര, മാവേലിക്കര
ഫോൺ: 0479-2303299
ആർ.എം.റ്റി.റ്റി.ഐ. വടവുകോട്, എറണാകുളം
ഫോൺ: 0484-2731723

ദേവലോകം, Sd/-
02-05-2011. Manager

Printed and Published by Fr. Abraham Karamel, Secretary, Kandanad Diocese, Bishop's House Muvattupuzha-686 661 Ph: 0485 2832401
Managing Editor : P.J. Varghese Ph:0485 2253209, Printed at St. George Printers, Muvattupuzha